29
2024
ജൂൺ
ശനി
മിഥുനം 17

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391








തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.210 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-210 | പേജ് 4. വില 2.00 രൂപ



02 പോലീസ് കസ്റ്റഡിയിലിരിക്കെ നടിക്ക് മേക്കപ്പിടാൻ സൗകര്യം; എസ്ഐക്ക് നോട്ടീസ്

03 നിത്യോപയോഗ സാധനങ്ങൾക്കു തീ വില

04 ദുരൂഹത മാറാതെ ദീപു സോമൻെറ കൊലപാതകം


# ആഴക്കടൽ മത്സ്യബന്ധനം: കുത്തക കമ്പനികൾക്ക് നൽകുവാനുള്ള നീക്കം ചെറുക്കും

തിരുവനന്തപുരം: ആഴക്കടൽ മത്സ്യബന്ധനത്തിന് വൻകിട കുത്തക കമ്പനികൾക്ക് ലൈസൻസ് നൽകുവാനുള്ള നീക്കം ചെറുക്കുമെന്ന് മത്സ്യത്തൊഴിലാളി ഫെഡറേഷൻ (എഐടിയുസി ).



കോവിഡ് വ്യാപന നാളുകളിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ബ്ലൂ ഇക്കോണമി നയരേഖയുടെയും മുൻ ബിജെപി സർക്കാർ നിയോഗിച്ച മീനാകുമാരി കമ്മറ്റിയുടെയും ശുപാർശകൾ തിരക്കിട്ട് നടപ്പിലാക്കുവാനാണ് കേന്ദ്ര സർക്കാർ നീക്കം.

സിപിഐ നേതാവ് ചതുരാനൻ മിശ്ര കേന്ദ്ര കൃഷി മന്ത്രിയായിരുന്ന നാളുകളിൽ വിദേശ ട്രോളറുകളുടെ ലൈസൻസ് പുതുക്കേണ്ടതില്ലെന്നും മുരാരി കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കണമെന്നും തീരുമാനിച്ചിരുന്നു. എന്നാൽ ഇപ്പോൾ നീതി ആയോഗ് ബന്ധപ്പെട്ടവരുടെ യോഗം തിരക്കിട്ട് വിളിച്ച് ആഴക്കടൽ മത്സ്യബന്ധന മേഖലയിലേക്ക് കുത്തകകൾക്ക് അനുവാദം നൽകുവാനുള്ള നീക്കം നടത്തുകയാണ്. തീരദേശ ജനതയ്ക്ക് ഭീഷണിയായ കേന്ദ്രസർക്കാർ നയത്തിനെതിരെ യോജിച്ച പ്രക്ഷോഭം ആരംഭിക്കുമെന്ന് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ടി ജെ ആഞ്ചലോസും ജനറൽ സെക്രട്ടറി ടി രഘുവരനും പ്രസ്താവനയിൽ അറിയിച്ചു.

# സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം ഏകോപിപ്പിക്കും: മന്ത്രി കെ രാജൻ

തിരുവനന്തപുരം: സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെയും ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്ന വിഷയം പരിശോധിക്കുമെന്ന് റവന്യു മന്ത്രി കെ രാജൻ. ഇരു സ്ഥാപനങ്ങളിലെയും പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠനം നടത്തി ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ വർക്ക് സ്റ്റഡി വിഭാഗത്തെയോ അല്ലെങ്കിൽ !ഉചിതമായ മറ്റൊരു ഏജൻസിയെയോ ചുമതലപ്പെടുത്തി തുടർ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് മന്ത്രി അറിയിച്ചു. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ തമ്മിൽ കൂട്ടിച്ചേർത്ത് ഒരു സ്ഥാപനം ആക്കുന്നതും, ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ കെസ്നിക്കുമായി കൂട്ടിച്ചേർക്കുന്നതും സംബന്ധിച്ച കാര്യം നയപരമായി തീരുമാനമെടുക്കേണ്ടതും, കൂടുതൽ പഠനം നടത്തി പരിശോധിക്കേണ്ടതുമാണെന്നും ജി സ്റ്റീഫൻ ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് മറുപടിയായി മന്ത്രി കെ രാജൻ വ്യക്തമാക്കി.

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനു തിരുവനന്തപുരം മുതൽ വയനാട് വരെയുള്ള ജില്ലകളിലായി 14 റീജിയണൽ സെന്ററുകളുണ്ട്. ഇവയുടെ ഏകോപനം തിരുവനന്തപുരത്തുള്ള ആസ്ഥാന കാര്യാലയത്തിലാണ് നിയന്ത്രിക്കുന്നത്. സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പിഡബ്ല്യുഡി നിയമങ്ങൾക്ക് അനുസരിച്ച് നടപ്പിലാക്കുന്നത് പ്രസ്തുത കേന്ദ്രങ്ങൾ വഴിയാണ്.

ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ (ഡിഎൻകെ) അതത് ജില്ലകൾ പ്രവർത്തന മേഖലയാക്കി വെവ്വേറെ ബൈലോ, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ഭരണ നിയമാവലി എന്നിവ പ്രകാരം വിവിധ കാലഘട്ടങ്ങളിൽ വിവിധ ചാരിറ്റബിൾ സൊസൈറ്റികളായിട്ടാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഭരണപരമായ കാര്യങ്ങളിലും, ജീവനക്കാരുടെ സേവന വേതന കാര്യങ്ങളിലും അന്തിമ തീരുമാനങ്ങൾ സർക്കാർ തലത്തിലാണ് എടുക്കുന്നത്. എന്നാൽ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ അതത് ജില്ലാ കളക്ടറുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

## ചോദ്യപ്പേപ്പർ ചോർച്ച: നാല് പേർ അറസ്റ്റിൽ

പട്ന: 2023 ഒക്ടോബർ ഒന്നിന് പൊലീസ് കോൺസ്റ്റബിൾ റിക്രൂട്ടമെന്റ് പരീക്ഷയുടെ ചോദ്യപ്പേപ്പർ ചോർന്നതുമായി ബന്ധപ്പെട്ട് പശ്ചിമ ബംഗാളിൽ നിന്നുള്ള മൂന്നുപേരുൾപ്പടെ നാലുപേരെ പൊലീസിന്റെ സാമ്പത്തിക കുറ്റകൃത്യ വിഭാഗം അറസ്റ്റ് ചെയ്തു.

നോർത്ത് 24 പർഗാനാസ് സ്വദേശികളായ കൗശിക് കുമാർ കർ, സഞ്ജയ് ദാസ്, കൊൽക്കത്ത സ്വദേശിയായ സുമൻ ബിശ്വാസ്, ഉത്തർപ്രദേശ് ലഖ്നൗ സ്വദേശിയായ സൗരഭ് ബന്ധോപാധയ് എന്നിവരാണ് അറസ്റ്റിലായത്. കഴിഞ്ഞ ദിവസം ബിഹാർ സ്വദേശികളായ അശ്വനി രഞ്ജൻ, വിക്കി കുമാർ, അനികേത് എന്നിവരെയും പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. കൗശിക് കുമാർ കറിന്റെ കൊൽക്കത്ത ആസ്ഥാനമായുള്ള സ്ഥാപനമായ കാൽടെക്സ് മൾട്ടിവെഞ്ചർ പ്രൈവറ്റ് ലിമിറ്റഡിനാണ് ബീഹാർ കോൺസ്റ്റബിൾ റിക്രൂട്ട്മെന്റ് പരീക്ഷയുടെ ചോദ്യപേപ്പറുകൾ അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള കരാർ നൽകിയിരുന്നത്. ഇവിടെ നിന്നുമാണ് ചോദ്യപ്പേപ്പർ ചോർന്നതെന്ന് പൊലീസ് പറഞ്ഞു. കൗശിക് ഇതിനു മുമ്പും ഇത്തരം കേസുകളിൽ അറസ്റ്റിലായിട്ടുണ്ട്.

# ബാർ ഉടമകളുടെ പണപ്പിരിവ്: വിജിലൻസ് അന്വേഷണം വേണ്ടെന്ന് മന്ത്രി എം ബി രാജേഷ്

തിരുവനന്തപുരം: ബാർ ഉടമകളുടെ പണപ്പിരിവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണത്തിന്റെ ആവശ്യമില്ലെന്ന് മുഖ്യമന്ത്രിക്ക് വേണ്ടി മന്ത്രി എം ബി രാജേഷ് നിയമസഭയെ അറിയിച്ചു. മുൻ യുഡിഎഫ് സർക്കാരിന്റെ കാലത്ത് സംഭവിച്ചത് പോലെയല്ല ഇത്. ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ എന്ന സംഘടനയുടെ ജില്ലാ ഘടകങ്ങളുടെ അംഗങ്ങളാണെന്ന് അവകാശപ്പെട്ട് പേര് വെളിപ്പെടുത്താത്ത ഒരു പരാതി മുഖ്യമന്ത്രിക്കും പകർപ്പ് എക്സൈസ് കമ്മിഷണർക്കും ലഭിച്ചിരുന്നു.

ആ പരാതിയിൽ എക്സൈസ് ആസ്ഥാനത്ത് ആഭ്യന്തര വിജിലൻസ് അന്വേഷണം നടത്തി പരാതിയിൽ കഴമ്പില്ലെന്ന് കണ്ടെത്തി. ഏഴ് പേരിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ പണപ്പിരിവ് നടന്നതിന് തെളിവില്ലെന്നാണ് കണ്ടെത്തിയത്. എന്നാൽ ഇവർക്കിടയിൽ കെട്ടിട നിർമ്മാണത്തിന് പണപ്പിരിവ് നടന്നിട്ടുണ്ട്. ഇതേ തുടർന്ന് അസോസിയേഷൻ അംഗങ്ങൾക്കിടയിലുണ്ടായ പടലപ്പിണക്കമാണ് വിവാദത്തിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരം നൽകിയവർക്കെതിരേയാണ് അന്വേഷണം എന്ന വാദം വസ്തുതാ വിരുദ്ധമാണെന്നും മന്ത്രി ചോദ്യോത്തരവേളയിൽ പറഞ്ഞു.

## ആക്രമണ ഭീതി: നസ്രാണി സംഘം പരാതി നൽകി

കൊച്ചി: എറണാകുളം അങ്കമാലി അതിരൂപതയിൽ സഭ നിഷ്കർഷിച്ചിരിക്കുന്ന ഏകീകൃത കുർബ്ബാന നടപ്പാക്കുന്നതിനെതിരെ സഭാ വിരുദ്ധരുടെയും വിമത വൈദീകരുടെയും നേതൃത്വത്തിൽ വിശ്വാസികളെ ആക്രമിക്കാനുള്ള സാധ്യത ചൂണ്ടിക്കാട്ടി ജില്ലാ പൊലീസ് അധികാരികൾക്ക് പരാതി നൽകിയതായി മാർ തോമ്മാ നസ്രാണി സംഘം ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. എറണാകുളം,ആലപ്പുഴ,തൃശൂർ,കോട്ടയം ജില്ലാ പൊലീസ് മേധാവിമാർക്കാണ് എംടിഎൻഎസിന്റെ നേതൃത്വത്തിൽ പരാതി നൽകിയത്. ജൂലൈ 3ന് ശേഷം പള്ളികളിൽ ഏകീകൃത കുർബ്ബാന അർപ്പിക്കാത്ത വൈദീകരെയും സർക്കുലറിനെ പരസ്യമായി വെല്ലുവിളിച്ച വൈദീകനെയും സഭയിൽ നിന്ന് പുറത്താക്കണമെന്നും ഇവർ ആവശ്യപ്പെട്ടു.

# ഐഎസ്ആർഒ ചാരവൃത്തിക്കേസ് : ഉദ്യോഗസ്ഥർ ഹാജരാകാൻ ഉത്തരവ്

തിരുവനന്തപുരം: നമ്പി നാരായണനെ ഐഎസ്ആർഒ ചാരവൃത്തിക്കേസിൽ ഉൾപ്പെടുത്താൻ ഗൂഢാലോചന നടത്തിയ കേസിൽ പ്രതികളായ അഞ്ച് ഉദ്യോഗസ്ഥർ ജൂലൈ 26ന് ഹാജരാകാൻ സിബിഐ കോടതി ഉത്തരവിട്ടു. ഉദ്യോഗസ്ഥർക്കെതിരെയുള്ള സിബിഐ കുറ്റപത്രം അംഗീകരിച്ചു കൊണ്ടാണ് കോടതി ഉത്തരവ്. മുൻ ഡിഐജി സിബി മാത്യൂസ്, സ്പെഷ്യൽ ബ്രാഞ്ച് മുൻ സർക്കിൾ ഇൻസ്പെക്ടർ എസ് വിജയൻ, ഡിവൈഎസ്പി കെ കെ ജോഷ്വ, ഇന്റലിജന്റ്സ് ബ്യൂറോ ഡെപ്യൂട്ടി ഡയറക്ടർ ആർ ബി ശ്രീകുമാർ, കൊച്ചി ഐബി എസിഐ ടി എസ് ജയപ്രകാശ് എന്നിവർക്കെതിരെയാണ് കോടതി കേസെടുത്തത്. തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കെ എം സുജയുടേതാണ് ഉത്തരവ്. ബുധനാഴ്ചയാണ് സിബിഐ ഡൽഹി യൂണിറ്റ് എസ്പി മുദ്രവച്ച കവറിൽ കുറ്റപത്രം സമർപ്പിച്ചത്. യാതൊരു ചാരവൃത്തിയും നടന്നിട്ടില്ലെന്നും ശാസ്ത്രജ്ഞനായ നമ്പി നാരായണനെ ചാരക്കേസിൽ ഉൾപ്പെടുത്താൻ ഗൂഢാലോചന നടന്നുവെന്നും സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് ജയിൻ കമ്മിറ്റി കണ്ടെത്തിയതിനെ തുടർന്നാണ് അന്വേഷണം സിബിഐക്ക് കൈമാറിയത്.

# വിദ്യാർത്ഥികൾ വിദേശപഠനത്തിന് പോകുന്നത് ഉന്നത വിദ്യാഭ്യാസരംഗം മോശമായത് കൊണ്ടല്ല: മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിനുള്ള സാധ്യതകൾ മികവുറ്റതല്ലാത്തത് കൊണ്ടല്ല വിദ്യാർത്ഥികൾ വിദേശത്ത് പഠനത്തിനായി പോകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മികച്ച ഗുണമേൻമയുള്ള സുരക്ഷിതമായ ഉപരിപഠനം ലക്ഷ്യമിടുന്ന വിദ്യാർത്ഥികളെ സർക്കാർ എല്ലാ രീതിയിലും പ്രോത്സാഹിപ്പിക്കുയാണ് ചെയ്യുന്നത്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ പ്രദാനം ചെയ്യാൻ സർക്കാർ പ്രതി!ജ്ഞാബദ്ധമാണ്. ഗുലാത്തി ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷന്റെ നേതൃത്വത്തിൽ 20,000 പ്രവാസികുടുംബങ്ങളിൽ നടത്തിയ സർവേ പ്രകാരം വിദേശത്ത് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം 2018 ൽ 1,29,763 ആയിരുന്നത് 2023 ൽ 2,50,3000 ആയി ഉയർന്നു. ഇത് ആകെ പ്രവാസികളുടെ 11.3 ശതമാനമാണെന്നും സർവേയിൽ കണ്ടെത്തിയെന്നും മുഖ്യമന്ത്രി രേഖാമൂലം നൽകിയ മറുപടിയിൽ അറിയിച്ചു.

## പഞ്ചായത്ത് മെമ്പർ മാലിന്യം തള്ളി; ഇടപെട്ട് ഹൈക്കോടതി

കൊച്ചി: പൊതുവഴിയിൽ മാലിന്യമുപേക്ഷിച്ച് പഞ്ചായത്ത് മെമ്പർ മുങ്ങിയ സംഭവത്തിൽ ഇടപെട്ട് ഹൈക്കോടതി. എറണാകുളം മഞ്ഞള്ളൂർ പഞ്ചായത്ത് മെമ്പർ പി പി സുധാകരൻ തന്ത്രപരമായി റോഡിൽ മാലിന്യം തള്ളുന്ന ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു. ബ്രഹ്മപുരം കേസ് പരിഗണിക്കുമ്പോഴാണ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് മെമ്പർക്കെതിരെ എന്ത് നടപടിയെടുത്തെന്ന് സർക്കാരിനോട് ചോദിച്ചത്. സിസിടിവിയിൽ കുടുങ്ങിയ പഞ്ചായത്ത് മെമ്പറെ ഹൈക്കോടതി ഡിവിഷൻ ബെഞ്ചാണ് അന്വേഷിച്ചത് . ബ്രഹ്മപുരം മാലിന്യ പ്ലാന്റ് കേസ് പരിഗണിക്കുമ്പോഴാണ് പുറത്തുവന്ന ദൃശ്യങ്ങളെപ്പറ്റി സർക്കാർ അഭിഭാഷകനോട് ചോദിച്ചത്.

# താലൂക്ക് ആശുപത്രിയിൽ പാതിരാത്രി ഷൂട്ടിങ്; നടപടിയുമായി മനുഷ്യാവകാശ കമ്മിഷനും മന്ത്രിയും

കൊച്ചി: അങ്കമാലി താലൂക്ക് ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ വ്യാഴാഴ്ച രാത്രി മുഴുവൻ രോഗികളെ ബുദ്ധിമുട്ടിലാക്കി നടന്ന സിനിമാ ചിത്രീകരണത്തിനെതിരെ മനുഷ്യാവകാശ കമ്മിഷൻ. സർക്കാർ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ സിനിമ ചിത്രീകരിക്കാൻ അനുമതി നൽകിയവർ ഏഴ് ദിവസത്തിനകം വിശദീകരണം സമർപ്പിക്കണമെന്ന് കമ്മിഷൻ അംഗം വി കെ ബീനാകുമാരി ആവശ്യപ്പെട്ടു.

എറണാകുളം ജില്ലാ മെഡിക്കൽ ഓഫിസർ, അങ്കമാലി താലൂക്ക് ആശുപത്രി സൂപ്രണ്ട് എന്നിവർക്കാണ് കമ്മിഷൻ നിർദേശം നൽകിയത്. മനുഷ്യാവകാശ കമ്മിഷൻ ഇടപ്പെട്ടതിന് പിന്നാലെ സംഭവത്തിൽ ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് ആരോഗ്യ വകുപ്പ് ഡയറക്ടറോട് വിശദീകരണവും തേടിയിട്ടുണ്ട്.

ഫഹദ് ഫാസിൽ നിർമ്മിക്കുന്ന പൈങ്കിളി എന്ന സിനിമയാണ് ഇവിടെ ചിത്രീകരിച്ചത്. രാത്രിയാണ് ചിത്രീകരണം തുടങ്ങിയത്. അത്യാഹിത വിഭാഗത്തിലെ ലൈറ്റുകൾ മറച്ചും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയുമായിരുന്നു ചിത്രീകരണം. അഭിനേതാക്കൾ ഉൾപ്പെടെ 50 ഓളം പേർ അത്യാഹിത വിഭാഗത്തിൽ ഉണ്ടായിരുന്നു. ഡോക്ടർമാർ ചികിത്സ തുടരുന്നതിനിടയിലും സിനിമാ ചിത്രീകരണം നടന്നതായി ദൃക്സാക്ഷികൾ പറയുന്നു. പരിമിതമായ സ്ഥലമാണ് അത്യാഹിത വിഭാഗത്തിലുള്ളത്. അത്യാസന്ന നിലയിലുള്ള രോഗിയുമായി എത്തിയ ആൾക്ക് അത്യാഹിത വിഭാഗത്തിലേക്ക് പ്രവേശിക്കാൻ പോലും സാധിച്ചിരുന്നില്ല. പ്രധാന കവാടത്തിലൂടെ പ്രവേശനം തടഞ്ഞും ചിത്രീകരണം നടത്തുകയായിരുന്നു. ചിത്രീകരണ സമയത്ത് നിശബ്ദത പാലിക്കാൻ അണിയറപ്രവർത്തകർ രോഗികളോടും കൂട്ടിരിപ്പുകാരോടും നിർദേശിക്കുകയും ചെയ്തു. രണ്ടു ദിവസങ്ങളിലായിട്ടാണ് ചിത്രീകരണം നടന്നത്.




## ജനം വീണ്ടും മോദി സർക്കാരിൽ വിശ്വാസമർപ്പിച്ചു; ഐതിഹാസികമായ തീരുമാനങ്ങളുണ്ടാകുമെന്നു രാഷ്ട്രപതി

ന്യൂഡൽഹി: മൂന്നാം മോദി സർക്കാരിൻറെ കാലത്ത് ഐതിഹാസികമായ തീരുമാനങ്ങളുണ്ടാകുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. രാജ്യത്തിൻറെ ഭാവി കാഴ്ചപ്പാടിൻറെ രേഖയായിരിക്കുമെന്നും വലിയ സാമ്പത്തിക സാമൂഹിക തീരുമാനങ്ങൾക്കൊപ്പം വലിയ ചരിത്രപരമായ ചുവടുകളും ബജറ്റിൽ കാണാൻ സാധിക്കുമെന്നും രാഷ്ട്രപതി കൂട്ടിച്ചേർത്തു.

പാർലമെൻറിൻറെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. 2024 ലോക്സഭ തെരഞ്ഞെടുപ്പ് ലോകത്തിലെ തന്നെ ഏറ്റവും വലിയ തെരഞ്ഞെടുപ്പെന്ന് വിശേഷിപ്പിച്ച രാഷ്ട്രപതി തെരഞ്ഞെടുപ്പിലെ വനിതാ പങ്കാളിത്തം എടുത്തുപറയേണ്ടതാണെന്നും ചൂണ്ടിക്കാട്ടി. രാജ്യത്തെ കോടിക്കണക്കിന് ജനങ്ങൾക്കുവേണ്ടി താൻ തെരഞ്ഞെടുപ്പ് കമ്മീഷനോട് നന്ദി പറയുന്നുവെന്നും രാഷ്ട്രപതി പറഞ്ഞു.

കഴിഞ്ഞ നാലുപതിറ്റാണ്ടുകളായി വളരെ കുറഞ്ഞ വോട്ടിംഗാണ് ജമ്മു കാഷ്മീരിൽ കണ്ടിരുന്നത്. ഇന്ത്യയുടെ ശത്രുക്കൾ അത് കാഷ്മീരിൻറെ സന്ദേശമായാണ് പ്രചരിപ്പിച്ചിരുന്നത്. എന്നാൽ ഇത്തവണ പ്രതിലോമശക്തികൾക്ക് ജമ്മു കാഷ്മീരിലെ ജനങ്ങൾ മറുപടി നൽകിയെന്നും രാഷ്ട്രപതി വ്യക്തമാക്കി.

മോദി സർക്കാരിനെ ജനം വീണ്ടും തെരഞ്ഞെടുത്തിരിക്കുകയാണ്. കഴിഞ്ഞ 10 വർഷമായി സർക്കാർ നടത്തിവരുന്ന സേവനത്തിൻറെയും സദ്ഭരണത്തിൻറെയും അംഗീകാരത്തിൻറെ മുദ്രയാണിതെന്നും രാഷ്ട്രപതി പറഞ്ഞു.

ഇന്ത്യയെ മൂന്നാമത്തെ ലോകശക്തിയാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. മഹാമാരിയും മറ്റു പ്രതിസന്ധികളും ലോകത്തെ പിടിച്ചുലച്ചപ്പോഴും ഇന്ത്യ വലിയ നേട്ടമാണ് കരസ്ഥമാക്കിയത്. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ എടുത്ത നയപരമായ തീരുമാനങ്ങളുടെ ഫലമാണ് അത്. ആഗോള സമ്പദ്!രംഗത്തിൽ 15 ശതമാനവും ഇന്ത്യയുടെ സംഭാവനയാണെന്നും രാഷ്ട്രപതി ചൂണ്ടിക്കാട്ടി.

ഇന്ത്യയുടേത് അതിവേഗം വളരുന്ന സമ്പദ്!രംഗമാണ്. കഴിഞ്ഞ പത്തുവർഷമായി അടിസ്ഥാന രംഗത്ത് രാജ്യത്ത് കുതിച്ചുചാട്ടമുണ്ടായി. മെട്രോ റെയിൽ സേവനങ്ങൾ രാജ്യത്തെ പല നഗരങ്ങളിലേക്കും വ്യാപിപ്പിച്ചു. ഗ്രാമങ്ങളെ ബന്ധിപ്പിക്കുന്നതിന് പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജനയ്ക്ക് കീഴിൽ സർക്കാർ 3.8 ലക്ഷം കിലോമീറ്റർ ഗ്രാമീണ റോഡുകൾ നിർമിച്ചു.

വടക്കുകിഴക്കൻ പ്രദേശങ്ങളിലെ സമാധാനം പുനഃസ്ഥാപിക്കുന്നതിന് വേണ്ടി സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം നൽകാൻ സാധിച്ചു. ഇതിനായി നിരവധി കരാറുകൾ ഉണ്ടാക്കി.

ആഗോള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി വിശ്വ ബന്ധു എന്ന നിലയിൽ മുൻകൈ എടുത്തിട്ടുണ്ട്. ഇന്ത്യ ഇന്ന് അറിയപ്പെടുന്നത് വെല്ലുവിളികൾ ഉയർത്തുന്നതിൻറെ പേരിൽ അല്ല. മറിച്ച് ആഗോള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മുൻകൈ എടുത്തതിൻറെ പേരിലാണ്. രാഷ്ട്രപതി പറഞ്ഞു.

ദാരിദ്ര്യ നിർമാർജനത്തിന് സർക്കാർ പ്രഥമ പരിഗണനയാണ് നൽകുന്നത്. 80 കോടി ജനങ്ങൾക്ക് സൗജന്യ റേഷൻ നൽകുന്നു. ആയുഷ്മാൻ ഭാരതിന് കീഴിൽ 55 കോടിയിലധികം ആളുകൾക്ക് സൗജന്യ ആരോഗ്യ പരിരക്ഷ നൽകിയെന്നും രാഷ്ട്രപതി പറഞ്ഞു.

സ്ത്രീകളുടെ ഉന്നമനത്തിനായും സർക്കാർ നിരവധി പദ്ധതികൾ നടപ്പാക്കി. ആദിവാസി വിഭാഗങ്ങളിലേക്കും ഇപ്പോൾ വികസനമെത്തുന്നുണ്ട്. ആദിവാസി വിഭാഗങ്ങളെ മുൻനിരയിലേക്ക് കൊണ്ടുവരാൻ സർക്കാരിന് സാധിച്ചു.

നീറ്റ് പരീക്ഷയിലെ ക്രമക്കേടിനെ കുറിച്ചും രാഷ്ട്രപതി പരാമർശിച്ചു. നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട ക്രമക്കേടുകളിലെ അന്വേഷണം ഉത്തരവാദിത്തം ഉറപ്പിക്കും. ഇത്തരം ക്രമക്കേടുകൾ ഉന്നതതലത്തിൽ അന്വേഷിക്കപ്പെടണം. സർക്കാർ നടത്തുന്ന പരീക്ഷകൾ സുതാര്യത ഉറപ്പാക്കണം. ചോദ്യപേപ്പർ ചോർച്ച തടയാൻ സർക്കാർ ഇടപെടൽ നടത്തിയെന്നും കുറ്റക്കാർക്കെതിരെ കർശന നടപടിയുണ്ടാകുമെന്നും രാഷ്ട്രപതി ഉറപ്പു നൽകി.

അടിയന്തരാവസ്ഥയെ ജനാധിപത്യത്തിലെ ഇരുണ്ട കാലമെന്നാണ് രാഷ്ട്രപതി പരാമർശിച്ചത്. അടിയന്തരാവസ്ഥ ഭരണഘടന വിരുദ്ധമെന്നും പറഞ്ഞ രാഷ്ട്രപതി ഭരണഘടനക്കെതിരായ വലിയ ആക്രമണമാണിതെന്നും അഭിപ്രായപ്പെട്ടു.

രാവിലെ പാർലമെൻറിലെത്തിയ രാഷ്ട്രപതിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, ലോക്സഭാ സ്പീക്കർ ഓം ബിർള,, പാർലമെൻററി കാര്യ മന്ത്രി കിരൺ റിജിജു എന്നിവർ ചേർന്നാണ് സഭയിലേക്ക് ആനയിച്ചത്. രാഷ്ട്രപതിയുടെ പ്രസംഗത്തിനുശേഷം പാർലമെൻറിൻറെ ഇരുസഭകളിലും നന്ദിപ്രമേയ ചർച്ചയും ആരംഭിച്ചു.

## പോലീസ് കസ്റ്റഡിയിലിരിക്കെ നടിക്ക് മേക്കപ്പിടാൻ സൗകര്യം; സബ് ഇൻസ്പെക്ടർക്ക് നോട്ടീസ്

ബംഗളൂരു: രേണുകാസ്വാമി വധക്കേസിൽ പ്രതിയായ കന്നഡ നടി പവിത്ര ഗൗഡ പോലീസ് കസ്റ്റഡിയിലിരിക്കെ മേക്കപ്പ് ചെയ്ത സംഭവത്തിൽ വനിതാ സബ് ഇൻസ്പെക്ടർക്ക് കർണാടക പോലീസിൻറെ നോട്ടീസ്. ഈ മാസം 15ന് ആണ് നോട്ടീസിന് ആധാരമായ സംഭവം.

പവിത്ര ഗൗഡയെ കുറ്റകൃത്യം നടന്ന സ്ഥലത്തിൻറെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനായി അവരുടെ വസതിയിലേക്ക് കൊണ്ടുവന്നിരുന്നു. എന്നാൽ പോലീസുകാർക്കൊപ്പം മടങ്ങുമ്പോൾ പവിത്ര ലിപ്സ്റ്റിക്കും മേക്കപ്പും പുരട്ടി പുഞ്ചിരിക്കുന്നതായി കാണപ്പെട്ടു. കൊലപാതകത്തിൽ പവിത്ര ഗൗഡ ഒരു കുറ്റബോധവും കാണിക്കാത്തത് വലിയ ചർച്ചകൾക്ക് വഴിവെച്ചിരുന്നു.

പ്രതിയായ ഒരാൾ പോലീസ് കസ്റ്റഡിയിൽ അണിഞ്ഞൊരുങ്ങിയത് വൻ വിമർശനങ്ങൾക്ക് വഴിവെച്ചിരുന്നു. ഇതിനെ തുടർന്ന് ഡിസിപി (വെസ്റ്റ്) ഓഫീസിൽ നിന്ന് എസ്ഐക്ക് നോട്ടീസ് നൽകുകയും വിശദീകരണം തേടുകയും ചെയ്തു.

ചിത്രദുർഗ സ്വദേശിയായ രേണുകസ്വാമിയെ (33) കൊലപ്പെടുത്തിയ കേസിൽ കന്നഡ സൂപ്പർ താരം ദർശൻ തുഗുദീപ സുഹൃത്തും നടിയുമായ പവിത്ര ഗൗഡ എന്നിവരും മറ്റ് 15 പേരുമാണ് ഇതുവരെ അറസ്റ്റിലായിട്ടുള്ളത്.

പവിത്ര ഗൗഡയ്ക്ക് രേണുകാസ്വാമി അശ്ലീല സന്ദേശം അയച്ചതിൻറെ പശ്ചാതലത്തിൽ ദർശൻ ഇയാളെ ക്വട്ടേഷൻ നൽകി കൊലപ്പെടുത്തി എന്നാണ് കേസ്. ബംഗളുരുവിന് അടുത്തുള്ള സോമനഹള്ളിയിൽ നിന്നാണ് സ്വകാര്യ ഫാർമസി ബ്രാഞ്ചിൽ ജീവനക്കാരനായിരുന്ന രേണുകസ്വാമിയെ മരിച്ചനിലയിൽ കണ്ടെത്തിയത്.

ആദ്യം ആത്മഹത്യ എന്ന് കരുതിയ കേസ് പിന്നീട് കൊലപാതകമെന്ന് തെളിയുകയായിരുന്നു. അഴുക്കുചാലിൽ കിടന്നിരുന്ന രേണുകാസ്വാമിയുടെ മൃതദേഹം തെരുവുനായകൾ കടിച്ചുവലിക്കുന്നത് ശ്രദ്ധയിൽപെട്ട പ്രദേശവാസികളാണ് പോലീസിനെ വിവരം അറിയിച്ചത്.

നേരത്തെ, രേണുകാസ്വാമിയെ കണ്ടെത്താൻ ചിത്രദുർഗയിലെ തൻറെ ഫാൻസ് അസോസിയേഷൻ പ്രസിഡൻറിനോട് ദർശൻ ആവശ്യപ്പെട്ടിരുന്നു. അതിൻപ്രകാരം ഇയാളുടെ വീടടക്കമുള്ള വിവരങ്ങൾ ദർശന് ലഭിച്ചിരുന്നു. പിന്നീട് രേണുകാസ്വാമിയെ പിടിച്ചുകൊണ്ടുവന്നു ബംഗളൂരുവിലെ ആർആർ നഗറിയലുള്ള ദർശൻറെ വീടിൻറെ കാർപോർച്ചിൽ വച്ച് ക്രൂരമായി മർദിച്ചു എന്നാണ് ക്വട്ടേഷൻ സംഘങ്ങൾ പോലീസിനോട് പറഞ്ഞത്. ദർശനും ഇയാളെ മർദിച്ചതായി സംഘം പറയുന്നു. ഇരുമ്പവടികൊണ്ടുള്ള അടിയേറ്റ രേണുകാസ്വാമി മരിക്കുകയായിരുന്നു. പിന്നീട് മൃതദേഹം കാമാക്ഷിപാളയത്തിലെ ഒരു പാലത്തിനടിയിൽ തള്ളുകയായിരുന്നു.

## കെനിയൻ പ്രസിഡൻറ് പരാജയം സമ്മതിച്ചു; നികുതിവർധനയില്ല

നെയ്റോബി: കെനിയയിലെ വിവാദമായ നികുതി വർധന പിൻവലിക്കുമെന്ന് പ്രസിഡൻറ് വില്യം റൂട്ടോ പ്രഖ്യാപിച്ചു. കെനിയൻ ജനത നികുതിവർധനയെ അംഗീകരിക്കില്ലെന്നു വ്യക്തമായെന്നും പരാജയം സമ്മതിക്കുകയാണെന്നും രാഷ്ട്രത്തെ അഭിസംബോധന ചെയ്ത അദ്ദേഹം പറഞ്ഞു.

നികുതിവർധനയ്ക്കെതിരായ പ്രതിഷേധം രക്തച്ചൊരിച്ചിലിൽ കലാശിച്ചതിനു പിന്നാലെയാണ് പ്രസിഡൻറിൻറെ നടപടി. ചൊവ്വാഴ്ച പാർലമെൻറ് വളപ്പിൽ പ്രതിഷേധക്കാർക്കു നേർക്കുണ്ടായ പോലീസ് വെടിവയ്പിൽ കുറഞ്ഞത് 22 പേർ മരിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ട്. പരിക്കേറ്റവരുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. കെനിയാത്ത നാഷണൽ ആശുപത്രിയിൽ 160 പേരെ പ്രവേശിപ്പിച്ചിട്ടുണ്ട്.

പ്രതിഷേധത്തിൻറെ പശ്ചാത്തലത്തിൽ തലസ്ഥാനമായ നെയ്റോബിയിൽ പട്ടാളത്തെ വിന്യസിക്കാൻ പ്രസിഡൻറ് വില്യം റൂട്ടോ നേരത്തേ ഉത്തരവിട്ടിരുന്നു.

പ്രതിഷേധക്കാർ പാർലമെൻറ് മന്ദിരത്തിനു തീയിടുകയും കൊള്ളയടിക്കുകയും ചെയ്ത പശ്ചാത്തലത്തിലാണു സൈന്യത്തെ രംഗത്തിറക്കിയിരിക്കുന്നത്. പോലീസിനെ സഹായിക്കാൻ വേണ്ടിയാണു സൈന്യമെന്നു പ്രതിരോധമന്ത്രി ഏഡൻ ബേർ ഡുവാലെ അറിയിച്ചു.

ജീവിതച്ചെലവ് വർധിച്ചിരിക്കുന്നതിടെ നികുതി ഉയർത്താനുള്ള നീക്കമാണു കെനിയൻ യുവാക്കളെ പ്രതിഷേധത്തിലേക്കു നയിച്ചത്. ചൊവ്വാഴ്ച കെനിയയിലുടനീളം പ്രതിഷേധമുണ്ടായെങ്കിലും നെയ്റോബിയിലെ പാർലെൻറ് മന്ദിരത്തിനു ചുറ്റും വലിയ അക്രമങ്ങളാണ് അരങ്ങേറിയത്. നികുതിവർധന ഉൾപ്പെടുന്ന ധനകാര്യ ബിൽ പാസാക്കിയ എംപിമാർ പാർലമെൻറിൻറെ നിലവറയിൽ ഒളിച്ചു.

പ്രതിഷേധക്കാർ പോലീസിനെ കല്ലെറിഞ്ഞതാണ് സംഘർഷങ്ങളുടെ തുടക്കമെന്ന് പറയുന്നു. തുടർന്ന് പോലീസ് കണ്ണീർവാതകവും ജലപീരങ്കിയും പ്രയോഗിച്ചെങ്കിലും ഫലമില്ലാതെ വന്നപ്പോഴാണ് വെടിവച്ചതത്രേ.

പ്രതിഷേധക്കാരെ സർക്കാർ ഉരുക്കുമുഷ്ടി ഉപയോഗിച്ച് നേരിടുന്നതായും ചിലരെ തട്ടിക്കൊണ്ടുപോകുന്നതായും അവകാശ സംഘടനകൾ ആരോപിച്ചിട്ടുണ്ട്. അതേസമയം പ്രതിഷേധത്തിനു പിന്നിൽ ക്രിമിനലുകളാണെന്നാണ് പ്രസിഡൻറ് വില്യം റൂട്ടോ പറഞ്ഞത്.

കെനിയയിലെ അക്രമസംഭവങ്ങളിൽ ബ്രിട്ടനും ജർമനിയും അടക്കമുള്ള പാശ്ചാത്യശക്തികൾ ഞെട്ടൽ പ്രകടിപ്പിച്ചു. സംയമനം പാലിക്കണമെന്നു യുഎസ് ആവശ്യപ്പെട്ടു.

## 32 ജൈവ ജീവാണു വളങ്ങൾക്ക് ഗുണനിലവാരമില്ലെന്ന് കണ്ടെത്തി

തിരുവനന്തപുരം: കഴിഞ്ഞ മൂന്ന് വർഷത്തിൽ 153 ജൈവ ജീവാണു വളങ്ങൾ പരിശോധിച്ചപ്പോൾ 32 എണ്ണത്തിന് ഗുണനിലവാരം ഇല്ലെന്ന് കണ്ടെത്തിയതായി കൃഷി മന്ത്രി പി പ്രസാദ്. പാലക്കാട് പട്ടാമ്പി ജൈവവള ഗുണനിലവാര പരിശോധന ശാലയും വെള്ളായണി കാർഷിക സർവകലാശാലയിലെ റഫറൽ ലാബുമാണ് ഇതിനായി ഉപയോഗിക്കുന്നത്. അത്യാധുനിക ഉപകരണങ്ങൾ ഉപയോഗിച്ചാണ് പരിശോധന.

വളം ഡിപ്പോകൾ, ഉല്പാദനയൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കുന്ന സാമ്പിളുകളാണ് പരിശോധനയ്ക്ക് അയക്കുന്നത്. ഗുണമേന്മ ഇല്ലെന്ന് കണ്ടെത്തിയാൽ ആ ബാച്ചിലെ വളം വില്പന കൃഷി ഓഫിസർമാർ തടയുകയും നടപടി സ്വീകരിക്കുകയും ചെയ്യും. 202122 ൽ 52 സാമ്പിൾ പരിശോധിച്ചപ്പോൾ ഏഴെണ്ണത്തിന് ഗുണനിലവാരമില്ലെന്ന് കണ്ടെത്തി.

202223 ലെ 48 പരിശോധനയിൽ! 17 എണ്ണത്തിന് ഗുണനിലവാരമില്ലായിരുന്നു. 202324ൽ 53 സാമ്പിളുകളുടെ പരിശോധന നടത്തിയപ്പോൾ എട്ടെണ്ണത്തിന് ഗുണനിലവാരമില്ലെന്നും കണ്ടെത്തി. 202324 സാമ്പത്തിക വർഷം പരിശോധിച്ച 4276 രാസവളസാമ്പിളുകളിൽ 265 എണ്ണത്തിന് ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയിരുന്നു. തിരുവനന്തപുരം പാറോട്ടുകോണം, പാലക്കാട് പട്ടാമ്പി എന്നിവിടങ്ങളിലാണ് രാസവളപരിശോധനാ ലാബുകൾ ഉള്ളതെന്ന് മന്ത്രി ചോദ്യോത്തരവേളയിൽ പറഞ്ഞു. മറയൂരിലെ മണ്ണിൽ ജൈവാംശം കുറയുന്നത് കരിമ്പ് കർഷകരെ ബാധിച്ചുതിരുവനന്തപുരം: മറയൂരിലെ മണ്ണിൽ 15 മുതൽ 20 ശതമാനം വരെ ജൈവാംശത്തിന്റെ അളവിൽ കുറവ് വന്നതായി പരിശോധനാഫലം ലഭിച്ചെന്ന് മന്ത്രി പി പ്രസാദ് നിയമസഭയിൽ അറിയിച്ചു. ഇത് അവിടുത്തെ കരിമ്പ് കർഷകരെ ഗുരുതരമായി ബാധിച്ചു. മഴയുടെ ഏറ്റക്കുറച്ചിൽ മൂലം മണ്ണിൻെ ഘടനയിൽ വ്യത്യാസം വന്നതും കരിമ്പിന്റെ ഉല്പാദനം ഗണ്യമായി കുറച്ചിട്ടുണ്ട്.

കേരളത്തിലെ ആകെ കരിമ്പ് കൃഷിയുടെ 78 ശതമാനവും ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ ഗ്രാമപഞ്ചായത്തുകളിലാണ്. ജലക്ഷാമം, വന്യജീവി ആക്രമണം, ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ അഭാവം, കരിമ്പ് സംസ്കരണ യൂണിറ്റുകളുടെ അഭാവം, തൊഴിലാളികളുടെ ലഭ്യതക്കുറവ്, എന്നിവയെല്ലാം ഉല്പാദനത്തെ ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മറയൂരിലെ കർഷകർക്ക് സബ്സിഡി നൽകുന്നത് പരിഗണിക്കുമെന്ന് മന്ത്രി ചോദ്യോത്തരവേളയിൽ അറിയിച്ചു.

## ടി പി ചന്ദ്രശേഖരൻ കൊലപാതക കേസ്; തടവുകാർക്ക് ശിക്ഷാ ഇളവ് നൽകില്ല

തിരുവനന്തപുരം: ടി പി ചന്ദ്രശേഖരൻ കൊലപാതകക്കേസിലെ തടവുകാർക്ക് ശിക്ഷാ ഇളവ് നൽകുന്നത് പരിഗണനയിലില്ലെന്ന് ആവർത്തിച്ച് സർക്കാർ. ഇത് സംബന്ധിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നും, പ്രതിപക്ഷ നേതാവിന്റെ ഉപക്ഷേപത്തിനുള്ള മുഖ്യമന്ത്രിയുടെ മറുപടിയിൽ അറിയിച്ചു. മുഖ്യമന്ത്രിക്കുവേണ്ടി മന്ത്രി എം ബി രാജേഷാണ് നിയമസഭയിൽ മറുപടി പറഞ്ഞത്. മറുപടിക്ക് ശേഷവും പ്രതിപക്ഷാംഗങ്ങൾ ബഹളമുണ്ടാക്കുകയും സഭയിൽ നിന്ന് ഇറങ്ങിപ്പോവുകയും ചെയ്തു. സ്വാതന്ത്ര്യത്തിൻെറ 75ാം വാർഷികത്തോടനുബന്ധിച്ച് വിവിധ ജയിലുകളിലെ തടവുകാർക്ക് ശിക്ഷാ ഇളവ് നൽകുന്നതിനായി ജയിൽ മേധാവി സർക്കാരിന് നൽകിയ പട്ടികയിൽ അനർഹർ ഉൾപ്പെട്ടതായി കണ്ടതിനാൽ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പുതുക്കിയ പട്ടിക സമർപ്പിക്കുവാൻ ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി ജൂൺ മൂന്നിന് ജയിൽ വകുപ്പ് മേധാവിക്ക് നിർദേശം നൽകിയിരുന്നു. പുതുക്കിയ പട്ടിക സർക്കാരിന്റെ പരിഗണനയ്ക്ക് വന്നിട്ടില്ലെന്ന് മറുപടിയിൽ വ്യക്തമാക്കി.

പ്രത്യേക ഇളവ് അനുവദിക്കരുതെന്ന് കോടതി പ്രഖ്യാപിച്ചിട്ടുള്ള കേസുകളിൽ ഉൾപ്പെട്ട പ്രതികൾക്ക് നിലവിലെ മാനദണ്ഡപ്രകാരം ശിക്ഷായിളവിന് അർഹതയില്ല. ടി പി കേസിലെ ശിക്ഷാതടവുകാർക്ക് 20 വർഷം തടവ് പൂർത്തിയാക്കും മുമ്പ് ഇളവ് അനുവദിക്കരുതെന്ന ഹൈക്കോടതി ഉത്തരവും നിലവിലുണ്ട്. ഈ കേസിൽ ശിക്ഷിക്കപ്പെട്ട് തടവിലുള്ളവരുടെ ശിക്ഷായിളവ് സംബന്ധിച്ച് കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ട്, പൊലീസ് റിപ്പോർട്ട് തേടിയത് മാനദണ്ഡപ്രകാരമല്ല. ഇത് സംബന്ധിച്ച മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടയുടൻ സൂപ്രണ്ടിന്റെ വിശദീകരണം ജയിൽ മേധാവി തേടുകയും ചെയ്തിരുന്നു. പ്രസ്തുത കേസിലെ പ്രതികളെ ഒഴിവാക്കി ശിക്ഷാ ഇളവിനുള്ളവരുടെ അന്തിമ പട്ടിക സർക്കാരിൽ നൽകുമെന്ന് വ്യക്തമാക്കി 22ന് ജയിൽ മേധാവി പത്രക്കുറിപ്പും നൽകിയിരുന്നു.

ശിക്ഷാ ഇളവിന് പരിഗണിക്കുന്ന തടവുകാരുടെ വിവരങ്ങൾ ആരാഞ്ഞ് കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ട് ജില്ലാ പൊലീസ് മേധാവിക്ക് നൽകിയ കത്തും ഇക്കൂട്ടത്തിൽ ജയിൽ ഹെഡ് കാർട്ടേഴ്സിലേക്ക് ജയിൽ സൂപ്രണ്ട് നൽകിയ വിശദീകരണവും മാധ്യമങ്ങൾക്ക് ലഭിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. ഇതുൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്. തെറ്റായ പട്ടിക തയ്യാറാക്കി പൊലീസ് റിപ്പോർട്ട് തേടിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കി.

ശിക്ഷായിളവ് നൽകാനുള്ള നീക്കം നടത്തിയിട്ടില്ലെന്നും അത്തരമൊരു കാര്യം സർക്കാരിന്റെ പരിഗണനയിലില്ലെന്നും ആവർത്തിച്ച് വ്യക്തമാക്കിയിട്ടും നേരത്തെ തീരുമാനിച്ചുറപ്പിച്ചതനുസരിച്ച് ബഹളം സൃഷ്ടിക്കുകയായിരുന്നു പ്രതിപക്ഷം. തുടർന്ന് അടിയന്തര പ്രമേയത്തിലെ വാക്കൗട്ടിനുശേഷം സബ്മിഷന്റെ പേരിലും പ്രതിപക്ഷാംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോവുകയും ചെയ്തു.

## കർണാടകയിൽ മൂന്ന് ഉപമുഖ്യമന്ത്രിമാർ വേണമെന്ന ആവശ്യം; അന്തിമ തീരുമാനം ഹൈക്കമാൻഡിൻറേതെന്ന് സിദ്ധരാമയ്യ

ബംഗളൂരു: കർണാടകയിൽ മൂന്ന് ഉപമുഖ്യമന്ത്രിമാർ കൂടി വേണമെന്ന ആവശ്യം ശക്തമായ സാഹചര്യത്തിൽ വിഷയത്തിൽ ഹൈക്കമാൻഡ് തീരുമാനം അന്തിമമാണെന്ന് മുഖ്യമന്ത്രി സിദ്ധരാമയ്യ. വീരശൈവലിംഗായത്ത്, എസ്സി/എസ്ടി, ന്യൂനപക്ഷ സമുദായങ്ങളിലെ നേതാക്കൾക്ക് ഉപമുഖ്യമന്ത്രി സ്ഥാനം നൽകണമെന്ന് ചില മന്ത്രിമാരാണ് ആവശ്യപ്പെട്ടത്.

സഹകരണ മന്ത്രി കെ. എൻ. രാജണ്ണ, ഭവന മന്ത്രി ബി. ഇസഡ് സമീർ അഹമ്മദ് ഖാൻ, പൊതുമരാമത്ത് മന്ത്രി സതീഷ് ജാർക്കിഹോളി എന്നിവരാണ് ഉപമുഖ്യമന്ത്രിമാർ വേണമെന്ന് ആവശ്യം ഉന്നയിച്ചത്. ഈ ആവശ്യത്തിൽ ഡി. കെ. ശിവകുമാർ അതൃപ്രതി അറിയിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി സിദ്ധരാമയ്യയുടെ അറിവോടെയാണ് ഈ നീക്കമെന്നാണ് സൂചന. ഡി. കെ. ശിവകുമാർ പാർട്ടിയിലും സർക്കാരിലും ശക്തി പ്രാപിക്കുന്നതിനാൽ ഇതിന് തടയിടാനാണ് പുതിയ ഉപമുഖ്യമന്ത്രിമാർക്കായുള്ള നീക്കമെന്നും റിപ്പോർട്ടുണ്ട്.

## ജോബ് ഫെയർ സംഘടിപ്പിച്ചു

കേരള സർവകലാശാല പ്ലേസ്മെന്റ് സെൽ, കേരള നോളജ് ഇക്കോണമി മിഷന്റെയും ഐ.സി.ടി അക്കാദമിയുടെയും സഹകരണത്തോടെ കാഞ്ഞിരംകുളം കെ.എൻ.എം ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിൽ ജോബ് ഫെയർ സംഘടിപ്പിച്ചു. കോളേജിലെ പ്ലേസ്മെന്റ് സെല്ലിന്റെയും ഐ.ക്യു.എ.സി സെല്ലിന്റെയും ആഭിമുഖ്യത്തിൽ മേഖലയിലെ വിവിധ കോളേജ് വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി നടന്ന മേളയിൽ വിവിധ മേഖലകളിൽ നിന്നായി പത്തോളം കമ്പനികളും ഇരുന്നൂറോളം തൊഴിലന്വേഷകരും പങ്കെടുത്തു. മേളയിൽ വച്ച് അൻപതോളം പേർക്ക് വിവിധ മേഖലകളിൽ പ്ലേസ്മെന്റ് ലഭിച്ചു.പ്രിൻസിപ്പൽ ഡോ. ചിത്ര ത്രിവിക്രമൻ നായർ അധ്യക്ഷത വഹിച്ചു. കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. കെ.ജി ഗോപചന്ദ്രൻ ഉദ്ഘാടനം ചെയ്തു. സർവകലാശാല പ്ലേസ്മെന്റ് സെൽ കൺവീനർ ഡോ. ക്രിസ്റ്റബെൽ പി.ജെ സ്വാഗതം ആശംസിച്ചു. ഐ.സി.ടി അക്കാദമി അസോസിയേറ്റ് മാനേജർ കൈലാസ് കാർത്തികേയൻ, വൈസ് പ്രിൻസിപ്പൽ ഡോ. എം.എൻ പരശുരാമൻ, ഡോ. അബ്ദുറഹീം എം.പി, ഡോ. റാണി എൽ, സുറിനാ മോൾ. ആർ., ഷിജി സി ആന്റണി, ശ്രീദേവ് എന്നിവർ സംസാരിച്ചു.

## ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം നിർമാണം സമയബന്ധിതമായി പൂർത്തിയാക്കുമെന്നു മന്ത്രി

തിരുവനന്തപുരം: ജില്ലാ സ്റ്റേഡിയമായ ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയത്തിൻറെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നു മന്ത്രി വി. അബ്ദുറഹിമാൻ നിയമസഭയിൽ അറിയിച്ചു. കിറ്റ്കോയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ പേരിലാണ് സ്റ്റേഡിയം നിർമാണം വൈകിയത്. കിറ്റ്കോയുടെ പ്രവർത്തന പോരായ്മ മൂലം സംസ്ഥാനമൊട്ടാകെയുള്ള 23 സ്റ്റേഡിയങ്ങളുടെ തടസപ്പെട്ടുവെന്നും വി. ജോയിയുടെ സബ്മിഷന് മന്ത്രി മറുപടി നൽകി.

58.47 കോടി രൂപയ്ക്കാണ് ഇടവ സ്റ്റേഡിയം നിർമാണത്തിന് ഭരണാനുമതി ലഭിച്ചത്. 34.26 കോടി രൂപയ്ക്ക് സാന്പത്തികാനുമതിയും ലഭിച്ചു. കിറ്റ്കോയെയാണ് പദ്ധതിയുടെ എസ്പിവിയായി തെരഞ്ഞെടുത്തത്.

എന്നാൽ ഇതിൻറെ ഫൗണ്ടേഷനിൽ പോരായ്മ കണ്ടെത്തിയതോടെ സ്റ്റോപ് മെമോ നൽകി. പ്രവൃത്തി നടപ്പാക്കാൻ കാലതാമസമുണ്ടാകുമെന്നും തങ്ങളെ ഒഴിവാക്കണമെന്നും കിറ്റ്കോ ആവശ്യപ്പെട്ടു.

ഇതേത്തുടർന്ന് സ്പോർട്സ് കേരള ഫൗണ്ടേഷനെ എസ്പിവിയാക്കി. രേഖകൾ കൈമാറാൻ കിറ്റ്കോയോട് ആവശ്യപ്പെട്ടെങ്കിലും അവർ പൂർണമായി കൈമാറിയില്ല. രേഖകൾ നൽകാത്തതിനാൽ നിയമ നടപടികളിലേക്ക് നീങ്ങുകയാണ്. കിറ്റ്കോയെ 23 പദ്ധതികളിൽ നിന്ന് ഒഴിവാക്കിയതായും മന്ത്രി അറിയിച്ചു.

## ഓഫറുകൾ ക്ഷണിച്ചു

കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി വീഡിയോ കോൺഫറൻസിങ് ഹാൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി സർക്കാർ അക്രെഡിറ്റെഡ് ഏജൻസികളിൽ നിന്ന് ഓഫറുകൾ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: www.ksvc.kerala.gov.in.

## ചീങ്ങോട് വന്യമൃഗ ശല്യം രൂക്ഷം: സ്ഥലത്ത് എത്തിയ വനംവകുപ്പ് ഉദ്യോഗസ്ഥരെ നാട്ടുകാർ തടഞ്ഞുവച്ചു

നടവയൽ: ചീങ്ങോട് പ്രദേശത്തെ രൂക്ഷമായ വന്യമൃഗ ശല്യത്തെതുടർന്ന് സ്ഥലത്ത് എത്തിയ വനംവകുപ്പ് ഉദ്യോഗസ്ഥരെ നാട്ടുകാർ തടഞ്ഞുവച്ചു. സ്ഥലം സന്ദർശിക്കാൻ എത്തിയ വനം വകുപ്പ് വാച്ചറേയും ഫോറസ്റ്ററേയും ആണ് നാട്ടുകാർ തടഞ്ഞവച്ചത്.

ചീങ്ങോട് കനവ് റൂട്ടിൽ കഴിഞ്ഞ രാത്രി കാട്ടാനകൾ വ്യാപക കൃഷിനാശമാണ് വരുത്തിയത്. വനാതിർത്തിയിൽ വൈദ്യുതിവേലി തകർന്ന് കിടക്കുന്നത് നന്നാക്കാൻ നടപടിവേണമെന്നാവശ്യപ്പെട്ടും ആന ശല്യത്തിന് പരിഹാരം കാണമെന്നും ആവശ്യപ്പെട്ടാണ് നാട്ടുകാർ സ്ഥലത്ത് എത്തിയ വനംവകുപ്പ് ഉദ്യോഗസ്ഥരെ തടഞ്ഞുവച്ചത്.

കഴിഞ്ഞ ഒരു മാസമായി ചീങ്ങോട്, പേരൂർ, അയനിമല പ്രദേശത്ത് രൂക്ഷമായ വന്യമൃഗ ശല്യമാണ് അനുഭവപെടുന്നത്. കഴിഞ്ഞ രാത്രി മൂന്ന് ആനകൾ ഇറങ്ങി ഏകദേശം 20 ഏക്കറോളം സ്ഥലത്ത് കാർഷിക വിളകൾ നശിപ്പിച്ചു. കാനാപറന്പിൽ തോമാച്ചൻ, സാജു, ജോസ്, കുറിച്ചാത്ത് ഷെറിൻ, തങ്കച്ചൻ, ഷൈൻ വാഴയിൽ സാബു,

പഴയിടത്ത് സാബു, കളന്പ്കാട്ട് ബിജു എന്നി കർഷകരുടെ തെങ്ങ്, വാഴ, ജാതി, കമുക്, ഇഞ്ചി കൃഷികൾ പൂർണമായി തകർത്തു. കേണിച്ചിറ സിഐ ടി. ദിലീപ് കുമാറിൻറെ നേതൃത്വത്തിൽ പോലീസ് സ്ഥലത്ത് എത്തി. സെക്ഷൻ ഫോറസ്റ്റ് ഓഫീസർ മണികണ്ഠനുമായി പോലീസും നാട്ടുകാരും ചർച്ച നടത്തിയതിനെതുടർന്നാണ് നാട്ടുകാർ സമരം അവസാനിപ്പിച്ചത്.

# ഭിന്നശേഷിക്കാരുടെ സംരംഭങ്ങൾക്ക് ബാങ്കുകളുടെ പിന്തുണ വേണം: ജില്ലാ കളക്ടർ

മലപ്പുറം: ഭിന്നശേഷിക്കാർ ഉൾപ്പെടെ സമൂഹത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പകൾ അനുവദിക്കാനും അവരുടെ ശേഷികൾ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് പിന്തുണ നൽകാനും ബാങ്കുകൾ മുന്നോട്ട് വരണമെന്ന് ജില്ലാ കളക്ടർ വി.ആർ വിനോദ് ആവശ്യപ്പെട്ടു.

മലപ്പുറം ഹോട്ടൽ മഹേന്ദ്രപുരിയിൽ ജില്ലാതല ബാങ്കിങ് അവലോകന സമിതി യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.സമൂഹത്തിന്റെ പിന്തുണ ആവശ്യമുള്ള ഭിന്നശേഷിക്കാർക്ക് റിസ്ക് പേടിച്ച് വായ്പകൾ നിഷേധിക്കരുത്. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹകരണത്തോടെ 100 ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. ഇതിന് ബാങ്കുകളുടെ സഹകരണം വേണമെന്നും കളക്ടർ അഭ്യർത്ഥിച്ചു.

പ്രൈംമിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം(പി.എം.ഇ.ജി.പി), പ്രധാൻമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ്പ്രോസസിങ് എന്റർപ്രൈസസ് സ്കീം (പി.എം.എഫ്.എം.ഇ) തുടങ്ങിയ പദ്ധതികളുടെ വായ്പാ കാര്യത്തിൽ ബാങ്കുകൾ അനഭാവപൂർണമായ നിലപാടെടുക്കണമെന്നും കളക്ടർ അഭ്യർഥിച്ചു.

യോഗത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ തിരുവനന്തപുരം എൽ.ഡി.ഒ മുതുകുമാർ എം., നബാർഡ് ഡി.ഡി.എം മുഹമ്മദ് റിയാസ്, മലപ്പുറം എൽ.ഡി.എം ടിറ്റൻ എം.എ, എച്ച്.വി പ്രഭു (കനറാ ബാങ്ക്), ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ, ബാങ്കുകളുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

ജില്ലയിലെ ബാങ്ക് വായ്പയിൽ 852 കോടിയുടെ വർധന; വാർഷിക വായ്പാ പദ്ധതി 111 ശതമാനം നേട്ടം

മലപ്പുറം: കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ അവസാന പാദത്തിൽ (2024 ജനുവരി മാർച്ച്) ജില്ലയിലെ ആകെ ബാങ്ക് നിക്ഷേപം 55,318 കോടിയും മൊത്തം വായ്പ 36,916 കോടിയുമാണെന്ന് ജില്ലാതല ബാങ്കിങ് അവലോകന സമിതി യോഗം വിലയിരുത്തി. മുൻ പാദവുമായി താരതമ്യപ്പെടുത്തുമ്പോൾ വായ്പയിൽ 852 കോടിയുടെ വർധനയാണ് ഉണ്ടായത്. നിക്ഷേപത്തിൽ 12,893 കോടി പ്രവാസികളുടേതാണ്.

വായ്പാ നിക്ഷേപ അനുപാതം 66.73 ശതമാനമാണ്. കൂടുതൽ ബ്രാഞ്ചുകളുള്ള പ്രമുഖ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം ഇങ്ങനെയാണ്. കേരള ഗ്രാമീൺ ബാങ്ക് (77.36 ശതമാനം), കനറാ ബാങ്ക് (75.85), എസ്.ബി.ഐ (45.06), ഫെഡറൽ ബാങ്ക് (31.59), സൗത്ത് ഇന്ത്യൻ ബാങ്ക് (40.54). വാർഷിക വായ്പാ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തെ ജില്ലയുടെ നേട്ടം 111 ശതമാനമാണെന്ന് യോഗം വിലയിരുത്തി.

18,800 കോടി ലക്ഷ്യമിട്ടതിൽ 20,955 കോടി നൽകാനായി. മുൻഗണനാ മേഖലയിലെ നേട്ടം 114 ശതമാനമാണ്. 15095 കോടിയുടെ വായ്പകൾ അനുവദിച്ചു. മറ്റു വിഭാഗങ്ങളിലെ വായ്പകൾ 5860 കോടി രൂപ. നേട്ടം 105 ശതമാനം.

# നിത്യോപയോഗ സാധനങ്ങൾക്കു തീ വില

വടക്കഞ്ചേരി: പച്ചക്കറികൾക്കും പല വ്യഞ്ജന സാധനങ്ങൾക്കുമെല്ലാം തീ വില. ഏതാനും ആഴ്ചകൾക്കു മുമ്പ് രണ്ട് കിലോ തക്കാളി പത്ത് രൂപയ്ക്ക് കിട്ടിയിരുന്നത് ഇപ്പോൾ കിലോ വില 85 രൂപയായി.

240 രൂപയാണ് മുരിങ്ങക്കയുടെ വില. വെളുത്തുള്ളി വില വീണ്ടും പഴയ റെക്കോർഡിൽ എത്തി. 280 രൂപയും കടന്നു. ബീൻസ് വില 140. ഇഞ്ചി വില 180. നാടൻ ഇഞ്ചി കിട്ടാനുമില്ല.

ചെറിയ ഉള്ളി വില 70. അമരയ്ക്ക വില 110. നേന്ത്രക്കായ വില 65. നേന്ത്രപ്പഴം 70 മുതൽ 75 രൂപ വരെ. സവോള 40, ഉരുളൻകിഴങ്ങ് 50, പച്ചമുളകും പുറകിലല്ല. കിലോയ്ക്ക് 100 കടന്നു.

രണ്ടു മൂന്നാഴ്ച മുമ്പു വരെ പച്ചക്കറികളുടെ വില മുൻകൂട്ടി ചോദിക്കാതെയാണ് ആളുകൾ പച്ചക്കറി വാങ്ങിയിരുന്നത്. എന്നാൽ ഇപ്പോൾ സ്ഥിതി മാറി.

പച്ചക്കറികളുടെ വിലകൾ ആദ്യം ചോദിച്ചറിഞ്ഞാണ് അളവ് കുറച്ചുവാങ്ങുന്നത്. തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ നിന്നുള്ള പച്ചക്കറിയുടെ വരവ് കുറഞ്ഞതാണ് ഇത്ര വലിയ വില വർധനവിന് കാരണമാകുന്നതെന്ന് വടക്കഞ്ചേരി ടൗണിൽ മെയിൻ റോഡിൽ പച്ചക്കറിക്കട നടത്തുന്ന അബാസ് പറഞ്ഞു.

പച്ചക്കറികളുടെ വില കുറയാൻ സാധ്യതയുണ്ടെങ്കിലും ഉള്ളികളുടെ വില വീണ്ടും ഉയരാനാണ് സാധ്യതയെന്ന് കച്ചവടക്കാർ പറയുന്നു.

പലവ്യഞ്ജന സാധനങ്ങളുടെ വിലയും വാണം പോ ലെയാണ് കയറുന്നത്. തോടുള്ള ഉഴുന്നിന് കിലോക്ക് 150 രൂപയായി. വെള്ളബോൾ ഉഴുന്നുവില 170 ലെത്തി. തുവരപ്പരിപ്പ് വില പുതിയ റെക്കോർഡിലാണ്. 200 രൂപയായി. ചെറുപയർ 150, മുതിര 100, പച്ചക്കടല 90, ചട്ണിയിൽ ചേർക്കുന്ന പൊരികടലക്ക് വില 120. വെള്ളപയർ 125, പട്ടാണിക്കടല 120, ചെറിയ ഉള്ളി 85, സവോള 50, പഞ്ചസാര 44 എന്നിങ്ങനെയാണു വിലകൾ.

അരിവിലയും അഞ്ചുരൂപ വരെ കൂടി. സാധനങ്ങളുടെ വരവ് കുറവാണെന്നാണ് കച്ചവടക്കാർ പറയുന്നത്. വൻകിടക്കാരുടെ പൂഴ്ത്തിവയ്പ്പുകൂടിയാകുമ്പോൾ നിത്യോപയോഗ സാധനങ്ങൾക്ക് ക്ഷാമവും ഉണ്ടാകും.

പൊതുവിപണിയിൽ സർക്കാർ ഇടപ്പെടലുകൾ ഫലപ്രദമാകുന്നില്ലെന്നതിന്റെ തെളിവാണ് ഈ വിലക്കയറ്റമെന്നു മുടപ്പല്ലൂർ പന്തപറമ്പിൽ പലചരക്ക് കട നടത്തുന്ന പ്രദീപ് പറയുന്നു.

മാവേലി സ്റ്റോറിൽ സബ്സിഡി സാധനങ്ങളൊന്നുമില്ല. പൊതുവിപണിയിൽനിന്ന് സാധനങ്ങൾ വാങ്ങിവച്ചാണ് മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നത്. ഇതിനാൽ വില കുറച്ച് സാധനങ്ങൾ വിൽക്കാനും കഴിയുന്നില്ല.

# ജീവനക്കാരുടെ അഭാവം : കരുവാരകുണ്ട് സിഎച്ച്സിയിൽ രോഗികൾ വലയുന്നു

കരുവാരകുണ്ട്: ജീവനക്കാരുടെ അഭാവത്തെ തുടർന്ന് കരുവാരകുണ്ട് സിഎച്ച്സിയിൽ രോഗികൾ വലയുന്നു. കരുവാരകുണ്ട്, തുവ്വൂർ, എടപ്പറ്റ പഞ്ചായത്തുകളിലെ സാധാരണക്കാരുടെ ആശ്രയ കേന്ദ്രമാണ് കരുവാരകുണ്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ.

ദിവസവും 500 ൽ അധികം രോഗികൾ ആശ്രയിക്കുന്ന ആശുപത്രിയിൽ മതിയായ ജീവനക്കാരെ നിയമിക്കാതെ കരുവാരകുണ്ട് മേഖലയിലെ ജനങ്ങളെ അവഗണിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതെന്നും അക്ഷേപമുണ്ട്.കഴിഞ്ഞ യുഡിഎഫ് ഭരണകാലത്ത് ആശുപത്രിയിൽ നിയമിച്ച ജീവനക്കാരെ എൽഡിഎഫ് സർക്കാർ ഇവിടെ നിന്നും പിൻ വലിക്കുകയാണുണ്ടായത്. നാലു ഡോക്ടർമാരുടെ സേവനം കടലാസിൽ ഉണ്ടങ്കിലും ചിലപ്പോൾ രണ്ട് ഡോക്ടർമാരുടെ സേവനമാണ് രോഗികൾക്ക് ലഭിക്കുന്നത്. ആശുപത്രി സംബന്ധമായ ആവശ്യങ്ങൾക്ക് ഡോക്ടർമാർ പുറത്തു പോയാൽ സേവനം ഒരു ഡോക്ടറിൽ ഒതുങ്ങും.കഴിഞ്ഞ ബലിപ്പെരുനാൾ ദിനത്തിൽ നിലവിലുണ്ടായിരുന്ന രണ്ടു ഡോക്ടർമാരും അവധിയിൽ പ്രവേശിച്ചതോടെ ഡോക്ടറില്ലാത്ത ആതുര സേവനമായി മാറുകയായിരുന്നു കരുവാരകുണ്ട് സിഎച്ച്സി. അന്നേ ദിവസം അവിടെയെത്തിയ നൂറുകണക്കിന് രോഗികൾ സ്വകാര്യ ആശുപത്രിയെ ആശ്രയിക്കേണ്ടി വന്നത് പാവപ്പെട്ട രോഗികൾക്ക് വൻ സാമ്പത്തിക പ്രയാസം നേരിട്ടതായും പരാതിയുണ്ട്.ഫാർമ്മസിസ്റ്റിൻറെ കുറവിനെ തുടർന്ന് രോഗികൾ മരുന്നു വാങ്ങാൻ മണിക്കൂറുകൾ വരിയിൽ കാത്തുനിൽക്കണം. ദിവസ വേതനത്തിന് നിയമിച്ചിരിക്കുന്ന ജീവനക്കാരണധികവും നിലവിലുള്ളത്. സ്റ്റാഫ് നഴ്സിൻറെ കുറവും പരിഹരിച്ചിട്ടില്ല. രോഗികൾക്ക് ടോക്കൺ കൊടുക്കുന്നിടത്തും ജീവനക്കാരില്ല. മരുന്നു വാങ്ങുന്നിടത്ത് വൃദ്ധജനങ്ങൾക്ക് പ്രത്യേക പരിഗണ ലഭിക്കാത്തതും പ്രശ്നം സൃഷ്ടിക്കുന്നുണ്ട്.

വരിയിൽ നിൽക്കുന്ന രോഗികൾ തളർന്നുവീഴുന്നതും ഇവിടെ നിത്യസംഭവമാണ്. കിടത്തി ചികിത്സക്ക് അരക്കോടിയിലധികം രൂപ ചിലവഴിച്ച് ഇവിടെ കെട്ടിടങ്ങൾ നിർമിച്ചെങ്കിലും ശൂന്യമായി കിടക്കുകയാണ്. ജീവനക്കാരുടെ അഭാവമാണ് ഇതിൻറെ പിന്നിലെന്ന് അധികൃതർ പറയുന്നു.

## മസ്റ്ററിങ് നടത്തണം

കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ പെൻഷൻ ഉപഭോക്താക്കൾക്ക് വീണ്ടും പെൻഷൻ മസ്റ്ററിങ് ചെയ്യുവാൻ സർക്കാർ ഉത്തരവായി. 2023 ഡിസംബർ 31 വരെ പെൻഷൻ അനുവദിച്ച എല്ലാ ഉപഭോക്താക്കളും പെൻഷൻ തുടർന്ന് ലഭിക്കുന്നതിനായി ഓഗസ്റ്റ് 24 വരെയുള്ള കാലയളവിൽ നിർബന്ധമായും മസ്റ്ററിംഗ് ചെയ്യണം. ഗുണഭോക്താക്കൾ തങ്ങളുടെ ആധാർ കാർഡുമായി അക്ഷയ കേന്ദ്രങ്ങളിലെത്തി മസ്റ്ററിംഗ് പൂർത്തീകരിക്കണമെന്ന് ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ അറിയിച്ചു.

## തത്തമംഗലം ബസ് സ്റ്റാൻഡ് കോമ്പൗണ്ടിൽ ഗർത്തം; യാത്രക്കാർ ഭീതിയിൽ

തത്തമംഗലം: ടൗൺ ബസ് സ്റ്റാൻഡ് കോമ്പൗണ്ടിൽ ടൈൽസ് ഇളകിയും ഗർത്തങ്ങൾ ഉണ്ടായും ശോചനീയാവസ്ഥയിൽ. കോടികൾ ചെലവഴിച്ച് കെട്ടിട സമുച്ചയം നിർമിക്കാൻ ചിറ്റൂർ തത്തമംഗലം നഗരസഭ അധികൃതർ കാണിച്ച ഉത്സാഹം ബസ് സ്റ്റാൻഡ് പരിപാലിക്കാൻ കാണിക്കു ന്നില്ല. സർക്കാർ സ്വകാര്യ ബസുകൾ ഇപ്പോൾ സ്റ്റാൻഡിൽ പ്രവേശിക്കുന്നുണ്ട്.

ബസുകളിൽ കയറാനും തിരിച്ചുപോകാനും ബൈക്ക്, ഓട്ടോ എന്നിവയ്ക്ക് സ്റ്റാൻഡിലേക്ക് കയറാനാകാത്ത അവസ്ഥയാണ്. ബസ് സ്റ്റാൻഡ് കെട്ടിടത്തിൻറെ മേൽഭാഗത്തുനിന്നും ജലം ചോരുന്നത് കാരണം സ്റ്റാൻഡിനകത്ത് നിൽക്കാൻ പോലും കഴിയാത്ത അവസ്ഥയാണ്.

തറയിൽ പായൽ ഉണ്ടായത് മൂലമുള്ള വഴുക്കൽ ഭയന്ന് മധ്യഭാഗത്ത് കൂടി ആരും സ്റ്റാൻഡിൽ കയറാറുമില്ല. കൊതുകുശല്യവും രൂക്ഷമാണ്. വേനൽ സമയത്ത് റോഡിൽ ബസ് കാത്ത് നിന്നവർ കാലവർഷം ആരംഭിച്ചതോടെയാണ് സ്റ്റാൻഡിൽ കയറാൻ തുടങ്ങിയത്. നഗരസഭ യുഡിഎഫ് ഭരണകാലത്താണ് കോടികൾ ചെലവഴിച്ച് ബസ് സ്റ്റാൻഡ് നിർമിച്ചത്.

നിലവിലെ നഗരസഭ ഭരണസമിതി വിഷയത്തിൽ ഇടപ്പെടുന്നില്ലെന്ന ആക്ഷേപവും നിലവിലുണ്ട്.

## നിയമസഭാ മാധ്യമ അവാർഡുകൾക്ക് ജൂൺ 30 വരെ അപേക്ഷിക്കാം

കേരള നിയമസഭ ഏർപ്പെടുത്തിയ മാധ്യമ അവാർഡുകൾക്ക് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 30ന് വൈകിട്ട് മൂന്നു വരെ നീട്ടി. മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും പരിപോഷണത്തിന് ശക്തി പകരുന്ന മാധ്യമ പ്രവർത്തനം, പൊതു സമൂഹത്തെ സ്വാധീനിക്കുകയും സമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുകയും ചെയ്ത അന്വേഷണാത്മക മാധ്യമ റിപ്പോർട്ട്, നിയമസഭാ നടപടികളുടെ റിപ്പോർട്ടിംഗ് എന്നിങ്ങനെ മൂന്ന് മേഖലകളിൽ ദൃശ്യഅച്ചടി മാധ്യമ വിഭാഗങ്ങളിലെ മികച്ച സൃഷ്ടികൾക്കായി യഥാക്രമം 'ആർ. ശങ്കരനാരായണൻ തമ്പി നിയമസഭ മാധ്യമ അവാർഡ്, സി. അച്ച്യുത മേനോൻ നിയമസഭാ മാധ്യമ അവാർഡ്, ഇ. കെ. നായനാർ നിയമസഭാ മാധ്യമ അവാർഡ്, കെ. ആർ. ഗൗരിയമ്മ നിയമസഭാ മാധ്യമ അവാർഡ്, ജി. കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡ്, സി. എച്ച്. മുഹമ്മദ് കോയ നിയമസഭ മാധ്യമ അവാർഡ് എന്നിവ നൽകും. അവാർഡിന് പരിഗണിക്കേണ്ട റിപ്പോർട്ടുകളുടെ / പരിപാടികളുടെ ആറ് പകർപ്പുകൾ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, വികാസ് ഭവൻ പി. ഒ., തിരുവനന്തപുരം 33 എന്ന വിലാസത്തിൽ ലഭ്യമാക്കണം. അവാർഡ് സംബന്ധിക്കുന്ന നിബന്ധനകൾ, അപേക്ഷാഫോം എന്നിവ അടങ്ങുന്ന സ്കീം, വിജ്ഞാപനം എന്നിവ കേരള നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റായ www.niyamasabha.org യിൽ ലഭിക്കും.

## പ്രിന്റിംഗ് ടെക്നോളജി കോഴ്സുകളിൽ സീറ്റൊഴിവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രയിനിംഗും സംയുക്തമായി തിരുവനന്തപുരം (04712474720), 2467728), എറണാകുളം (04842605322), കോഴിക്കോട് (04952356591, 2723666) എന്നീ കേന്ദ്രങ്ങളിൽ ആരംഭിച്ച ഒരു വർഷ കെജി.ടി.ഇ പ്രീപ്രസ് ഓപ്പറേഷൻ, കെജി.ടി.ഇ പ്രസ് വർക്ക്. കെ.ജി.ടി.ഇ പോസ്റ്റ്പ്രസ് ഓപ്പറേഷൻ ആൻഡ് ഫിനിഷിങ് കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

അപേക്ഷകർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത പാസായിരിക്കണം. പട്ടികജാതി/ പട്ടികവർഗ/മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് ആനുകുല്യം ലഭിക്കും. ഒ.ബി.സി/എസ്.ഇ.ബി.സി/ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും.

അപേക്ഷകർ വിദ്യാഭ്യാസയോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം അതാത് കേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്യണം. വിശദ വിവരങ്ങൾക്ക് കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപൂരം 695024 ഫോൺ 0471 2474720, 0471 2467728 എന്ന വിലാസത്തിൽ നേരിട്ട് ബന്ധപ്പെടണം. വെബ്സൈറ്റ് : www.captkerala.com.

## പ്രിൻസിപ്പാൾ ഒഴിവ്

ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ പ്രവർത്തിക്കുന്ന കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് (സി.എഫ്.ആർ.ഡി) ന്റെ ഉടമസ്ഥതിയിലുള്ള കോളജ് ഓഫ് ഇൻഡിജിനസ് ഫുഡ് ടെക്നോളജിയിൽ (സി.എഫ്.റ്റി.കെ) പ്രിൻസിപ്പൽ തസ്തികയിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് യോഗ്യരായ ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു.

പ്രതിമാസ വേതനം 60000 രൂപ. യോഗ്യത ഫുഡ് ടെക്നോളജി/ ഫുഡ് ടെക്നോളജി ആൻഡ് ക്വാളിറ്റി അഷ്വറൻസ് വിഷയത്തിൽ 55 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദവും പി.എച്ച്.ഡിയും 15 വർഷത്തിൽ കുറയാത്ത അധ്യാപന പ്രവൃത്തിപരിചയവും. മതിയായ യോഗ്യത ഉള്ളവരുടെ അഭാവത്തിൽ 10 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും പരിഗണിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ ഏഴ്. വിശദവിവരങ്ങൾക്കും അപേക്ഷാ ഫോമിനും: www.supplycokerala.com, www.cfrdkerala.in.

# മഴയും കാറ്റും; നാശനഷ്ടങ്ങൾ തുടരുന്നു

കൊല്ലം: എസ് എൻ കോളജ് ജംഗ്ഷനിൽ റെയിൽവേ ഗേറ്റിന് സമീപം നിൽക്കുന്ന പേരാലിൻറെ ശിഖരം ഒടിഞ്ഞുവീണ് വയോധികന് ഗുരുതര പരിക്ക്. കപ്പലണ്ടിമുക്ക് മുനിസിപ്പൽ നഗറിൽ താമസിക്കുന്ന രാജുവിനാ (70)ണ് പരിക്കേറ്റത്.ഇന്നലെ വൈകുന്നേരം 4.15 ഓടെയാണ് സംഭവം. പോളയത്തോട് ശ്മശാനത്തിന് സമീപം ലോട്ടറി കച്ചവടം ചെയ്യുയാണ് രാജു. പേരാലിൻറെ മധ്യഭാഗമാണ് റെയിൽവേ ഗേറ്റിന് സമീപത്തേക്ക് ഒടിഞ്ഞുവീണത്. ശബ്ദം കേട്ട് എത്തിയവർ മരത്തിൻറെ ശിഖരങ്ങൾക്കിടയിൽ ചോരവാർന്ന നിലയിൽ രാജുവിനെ കണ്ടെത്തുകയായിരുന്നു. തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ ഇയാളെ ഏറെ പണിപ്പെട്ടാണ് പുറത്തെടുത്തത്. ഉടൻ തന്നെ ജില്ലാആശുപത്രിയിലേക്കും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളജിലേക്കും കൊണ്ടുപോയി.

പേരാലിന് സമീപത്തുണ്ടായിരുന്ന ശ്രീകൃഷ്ണ സ്വാമി ക്ഷേത്രവും ഭാഗികമായി തകർന്നു. ഒടിഞ്ഞുവീണ ശിഖരങ്ങൾ കടപ്പാക്കടയിൽ നിന്നും ഫയർഫോഴ്സ് സംഘമെത്തി മുറിച്ചുമാറ്റി. മൂന്നര മണിക്കൂറോളം സമയമെടുത്താണ് ശിഖരങ്ങൾ പൂർണമായും നീക്കം ചെയ്തത്. തിരുവനന്തപുരത്തു നിന്നും എറണാകുളം ഭാഗത്തേക്കു പോയ വാഹനങ്ങൾ കപ്പലണ്ടിമുക്ക് വഴി തിരിച്ചുവിട്ടു.

കൊട്ടാരക്കര: കഴിഞ്ഞ ദിവസമുണ്ടായ ശക്തമായ കാറ്റിലും മഴയിലും കൊട്ടാരക്കര താലൂക്കിൽ പത്തോളം വീടുകൾ തകർന്നു. വൻ തോതിൽ കൃഷി നാശവും സംഭവിച്ചിട്ടുണ്ട്. ഏലാ നിലങ്ങളിലെ വാഴകളും കരഭൂമികളിലെ റബർ മരങ്ങളുമാണ് ഏറെ നശിച്ചിട്ടുള്ളത്. മങ്കോട് കുളത്തറ സിസ് മൻസിലിൽ സഹോഫറിൻറെ വീട് മരം വീണ് തകർന്നു. ഉമ്മന്നൂർ വിലങ്ങറ സുധൻ നിവാസിൽ മിനി സുധൻ, തേവലപ്പുറം കുഴക്കാട് ഷാജി മന്ദിരത്തിൽ ഷാജി എന്നിവരുടെ വീടുകളും മരം കടപുഴകി വീണ് പൂർണമായി തകർന്നിട്ടുണ്ട് മറ്റു വീടുകളെല്ലാം ഭാഗികമായാണ് തകർന്നത്. റവന്യു സംഘം നാശനഷ്ടമുണ്ടായ വീടുകൾ സന്ദർശിച്ചു.

ഒന്നര ലക്ഷം രൂപയുടെ നഷ്ടമാണ് അവർ കണക്കാക്കിയിരിക്കുന്നത്. തെറ്റായ രീതിയിലാണ് നഷ്ടം കണക്കാക്കിയിരിക്കുന്നതെന്നും ഇതിൻറെ ഇരട്ടിയിലധികം നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും വീടുകൾ തകർന്നിട്ടുള്ളവർ പറയുന്നനെടുവത്തൂർ, മൈലം, ഉമ്മന്നൂർ, വെളിയം, കുളക്കട പഞ്ചായത്തുകളിൽ വലിയ തോതിൽ കൃഷി നാശം സംഭവിച്ചു. വെട്ടുന്ന റബറും വിളവെടുക്കാറായ വാഴകളുമാണ് ഏറെ നശിച്ചിട്ടുള്ളത്. നെടുവത്തൂർ പുല്ലാമല വിക്രമൻ പിള്ളയുടെ ഏലാ നിലത്തിൽ കൃഷി ചെയ്തിരുന്ന 250 വാഴയാണ് ഒടിഞ്ഞു വീണത്. ദേശീയ ദുരന്തനിവാരണ സേന (എൻ ഡി ആർ എഫ്) ജില്ലയിലെത്തിച്ചേർന്നിട്ടുണ്ട്. രണ്ട് ഓഫീസർമാരടക്കം 35 പേരാണ് സംഘത്തിലുള്ളത്. കൊട്ടാരക്കര കേന്ദ്രീകരിച്ചാണ് ഇപ്പോൾ പ്രവർത്തനം.കൃഷി നാശം സംഭവിച്ച സ്ഥലങ്ങളിലും വീടുകൾ തകർന്നയിടങ്ങളിലും സേന സന്ദർശനം നടത്തി.

കുണ്ടറ. കഴിഞ്ഞ ദിവസങ്ങളിൽ പെരിനാട് കിഴക്കേ കല്ലട പ്രദേശങ്ങളിൽ ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും പരക്കെ നാശ നഷ്ടങ്ങൾ ഉണ്ടായി. ശക്തമായ കാറ്റിൽ മരങ്ങൾ കടപുഴകി. പലയിടത്തും ഇലക്ട്രിക് പോസ്റ്റുകൾ ഒടിഞ്ഞ റോഡിന് കുറുകെ വീണു. ഇതുമൂലം മണിക്കൂറുകൾ ഓളം ഗതാഗതം നിലച്ചു.

വൈകുന്നേരം തുടങ്ങി അർധരാത്രി വരെ വൈദ്യുതി നിലച്ചത് കാരണം ജനം ബുദ്ധിമുട്ടിലായി. പലയിടങ്ങളിലും കൃഷിനാശം സംഭവിച്ചുപെരിനാട് പഞ്ചായത്തിലെ ചെമ്മക്കാട് ഭാഗത്ത് ഇലക്ട്രിക് പോസ്റ്റ് ഒടിഞ്ഞ് റോഡിന് കുറുകെ വീണു. ഒമ്പത് ഇടങ്ങളിൽ പോസ്റ്റ് ഒടിഞ്ഞ് വൈദ്യുതി തകരാർ സംഭവിച്ചു .

മരങ്ങൾ കടപുഴകി നിരവധി വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു. പകൽ സമയങ്ങളിൽ പലരും വീടുകളിൽ ഉണ്ടാവാതിരുന്നത് കാരണം അപകടം ഒഴിവായി.കിഴക്കേ കല്ലട പഞ്ചായത്തിലെ മുട്ടം വാർഡിൽ തേക്ക് കടപുഴകി ഇലക്ട്രിക് പോസ്റ്റിൽ വീണ് മണിക്കൂറുകളോളം വൈദ്യുതി നിലച്ചു. നിരവധി വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ശക്തമായ കാറ്റും മഴയും തുടരുന്നതിനാൽ ജനം ദുരിതത്തിലാണ് . മൺട്രോത്തുരുത്തിലും പേരയത്തും കുണ്ടറയിലും നാശ നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്.

പുനലൂർ: കനത്ത മഴയിൽ പുനലൂരിൽ വ്യാപകമായ നാശനഷ്ടം. മരങ്ങൾ കടപുഴകി വീണ് നിരവധി വീടുകൾ ഭാഗികമായി തകർന്നു. ഗതാഗതവും തടസപ്പെട്ടു.

മൂന്നു ദിവസം തുടർച്ചയായി കിഴക്കൻ മേഖലയിൽ കനത്ത മഴയാണ്. വാളക്കോട്, കരവാളൂർ വില്ലേജുകളിൽ നിരവധി വീടുകളുടെ മുകളിലേയ്ക്ക് മരങ്ങൾ വീണ് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഫാസ്റ്റ് പാസഞ്ചർ ബസും ലോറിയും നാരങ്ങാപ്പുറം ജംഗ്ഷനു സമീപം കൂട്ടിയിടിച്ച് നിരവധി പേർക്ക് പരിക്കുണ്ട്. പാപ്പന്നൂർ റോഡിൽ മരം വീണ് ഗതാഗതം ഏറെ നേരം തടസപ്പെട്ടു.

മരങ്ങൾ മുറിച്ചു നീക്കി ഇവിടെ ഗതാഗതം പുനസ്ഥാപിച്ചു. മഴവ്യാപകമായതോടെ റോഡപകടങ്ങളും വർധിച്ചു. ഇന്നലെ കിഴക്കൻ മേഖലയിൽ ആറ് അപകടങ്ങളാണുണ്ടായത്. ജോലികൾ ഇല്ലാതായതോടെ തൊഴിലാളി കുടുംബങ്ങളും പ്രതിസന്ധിയിലായി. റബർ ടാപ്പിംഗും മഴയായതിനാൽ നടക്കുന്നില്ല. ജനജീവിതം ദുസഹമായിരിയ്ക്കുകയാണ്. ഇനിയും മഴ കനത്താൽ വ്യാപകമായ നാശനഷ്ടങ്ങൾക്ക് സാധ്യതയുണ്ട്. കിഴക്കൻ മേഖലയിൽ മണ്ണിടിച്ചിൽ ഭീഷണിയും നിലനിൽക്കുന്നുണ്ട്.

ചവറ : ശക്തമായ മഴയിൽ ചവറയിലെ താഴ്ന്ന പ്രദേശങ്ങൾ വെള്ളക്കെട്ടിലായി. ചവറ, പന്മന, തേവലക്കര, തെക്കുംഭാഗം, നീണ്ടകര പ്രദേശങ്ങളിലെ താഴ്ന്ന പ്രദേശങ്ങളാണ് പൂർണമായും വെള്ളക്കെട്ടിലായത്.

ശക്തമായ കാറ്റിൽ തെക്കുംഭാഗത്ത് വീടിന് മുകളിലേക്ക് പ്ലാവ് വീണ് ഓടുകൾ പൊട്ടുകയും ഭിത്തി തകരുകയും ചെയ്തു. തെക്കുംഭാഗം നടുവത്തുചേരി നറ്റോടി തെക്കതിൽ അശോകൻറെ വീടിന് മുന്നിൽ നിന്ന പ്ലാവാണ് വീണത്. ഇന്നലെ വൈകുന്നേരം അഞ്ചിന് വലിയ ശബ്ദത്തോടെ പ്ലാവ് വീഴുകയായിരുന്നു. വീട്ടിലുണ്ടായിരുന്നവർക്ക് ഓട് ഇളകി വീണ് പരിക്കേറ്റു. ചിലയിടങ്ങളിൽ ഇലക്ട്രിക് ലൈനുകൾ പൊട്ടിയ സംഭവമുണ്ടായി. കെഎസ്ഇബി അധികൃതർ ഇടപെട്ട് വേണ്ട നടപടികൾ സ്വീകരിച്ചു.

## ഉണർവ്വ് രണ്ടാം ഘട്ടം ഉദ്ഘാടനം നാളെ

വിദ്യാർഥികൾക്കും അധ്യാപകർക്കുമായി എനർജി മാനേജ്മെന്റ് സെന്റർ നടത്തുന്ന ഊർജ്ജസംരക്ഷണ അവബോധപരിപാടിയായ ഉണർവ്വിന്റെ രണ്ടാം ഘട്ടം നാളെ എനർജി മാനേജ്മെന്റ് സെന്ററിൽ പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.അധ്യാപകരും വിദ്യാർഥികളും എനർജി മാനേജ്മെന്റ് സെന്റർ സന്ദർശിച്ച് ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്ന പരിപാടിയാണ് 'ഉണർവ്വ്'. പരിപാടിയുടെ ഒന്നാം ഘട്ടത്തിൽ 684 സ്കൂളുകളിലെ 4,400 പേർ ഇ.എം.സി സന്ദർശിച്ചു. ഉദ്ഘാടന ചടങ്ങിൽ വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി മുഖ്യാതിഥിയാകും. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ അധ്യക്ഷത വഹിക്കും. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ എ.കെ.ഷൈൻമോൻ ആശംസാ പ്രസംഗം നടത്തും.

## നിഷ്ൽ വാക്ക്ഇൻഇൻറർവ്യു

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് വിവിധ തസ്തികകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. ഇൻഫർമേഷൻ ആൻഡ് റിസേർച്ച് ഓഫീസർ, റിസേർച്ച് അസിസ്റ്റന്റ്, സോഷ്യൽ വർക്കർ, ലീഗൽ അസിസ്റ്റൻറ്, സ്പീച്ച് ലാംഗ്വേജ് പതോളജിസ്റ്റ്, ഓഫീസ് അറ്റൻഡൻറ് തസ്തികകളിലേയ്ക്ക് ജൂലൈ ആദ്യവാരം വാക്ക്ഇൻഇന്റർവ്യു നടത്തുന്നു. നിഷ്കോളേജ് ഓഫ് ഒക്കുപേഷണൽ തെറാപ്പിയിൽ അസിസ്റ്റന്റ് പ്രൊഫസർ, ലക്ചർ, ക്ലിനിക്കൽ സൂപ്പർവൈസർ എന്നീ ഒഴിവുകളിലേയ്ക്കും, നാഷണൽ സെന്റർ ഫോർ അസിസ്റ്റീവ് ഹെൽത്ത് ടെക്നോളജിയിലെ വിവിധ ഒഴിവുകളിലേയ്ക്കും അപേക്ഷകൾ ക്ഷണിക്കുന്നു. ഇന്റർവ്യൂ തീയതികൾ, തസ്തികകൾ, തുടങ്ങിയ വിശദവിവരങ്ങൾക്ക് http://nish.ac.in/others/career സന്ദർശിക്കുക.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ചാത്തന്നൂർ മണ്ഡലത്തിലെ മാർക്കറ്റുകൾ 12.5 കോ ടി ചെലവിൽ നവീകരിക്കും

ചാത്തന്നൂർ: നിയോജക മണ്ഡലത്തിലെചാത്തന്നൂർ, പരവൂർ, പാരിപ്പള്ളി, കൊട്ടിയം പട്ടണങ്ങളിലെ മാർക്കറ്റുകൾആധുനിക നിലവാരങ്ങളോടെ നിർമിക്കുമെന്ന് ജി. എസ്. ജയലാൽ എം എൽ എ. ചില മാർക്കറ്റുകളുടെ നിർമാണ നടപടികൾ പൂർത്തീകരണ ഘട്ടത്തിലാണെന്നും എം എൽ എ.ചാത്തന്നൂർ 5.28 കോടി,കൊട്ടിയം 2.26,കോടി,പാരിപ്പള്ളി 3.02 കോടി,പരവൂർ 2.35 കോടി രൂപ വീതമാണ് മാർക്കറ്റ് നിർമാണത്തിന് വിനിയോഗിക്കുന്നത്.

ആധുനിക നിലവാരത്തിലുള്ള മത്സ്യച്ചന്തകളും വിപുലമായ സൗകര്യങ്ങളുള്ള വാണിജ്യ സമുച്ചയങ്ങളും നിർമിക്കുന്നതിനായുള്ള നടപടികൾ പൂർത്തീകരണ ഘട്ടത്തിലെത്തിയതായി ജി. എസ്. ജയലാൽ അറിയിച്ചു. പദ്ധതിയ്ക്കാവശ്യമായ ഭരണ, ധനകാര്യ, സാങ്കേതികാനുമതികളെല്ലാം ലഭിച്ചു കഴിഞ്ഞു.പാരിപ്പള്ളി, ചാത്തന്നൂർ, കൊട്ടിയം എന്നീ മത്സ്യച്ചന്തകൾ ഉൾപ്പെട്ട വാണിജ്യ സമുച്ചയങ്ങൾ ദേശീയപാതയോരത്താണ്. കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ തീരദേശ വികസന കോർപറേഷനാണ് പദ്ധതി നിർവഹണം നടത്തുന്നത്. ചാത്തന്നൂരിലെ മത്സ്യച്ചന്തയുടെയും വാണിജ്യ സമുച്ചയങ്ങളുടെയും നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൊട്ടിയം, പരവൂർ മാർക്കറ്റുകളുടെ ടെൻഡർ നടപടികൾ പൂർത്തിയായി.

നിർമാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. പാരിപ്പള്ളി മത്സ്യച്ചന്തയുടെയും വ്യാപാരസമുച്ചയങ്ങളുടെയും നിർമാണത്തിനായുള്ള ടെൻഡർ നടപടികൾ ഉടൻ സ്വീകരിക്കും.

അഞ്ച് കോടി ഇരുപത്തിയെട്ട് ലക്ഷം രൂപയാണ് ചാത്തന്നൂർ മാർക്കറ്റിൻറെ നിർമാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ളത്. ഗ്രൗണ്ട് ഫ്ളോർ കൂടാതെ രണ്ട് നിലകളിലായി സൗകര്യങ്ങളൊരുക്കിയാണ് ചാത്തന്നൂർ മത്സ്യച്ചന്ത സമുച്ചയം നിർമിക്കുന്നത്.

പരവൂർ മത്സ്യച്ചന്തയ്ക്കും വ്യാപാര സ്ഥാപനങ്ങൾക്കും രണ്ട് കോടി 35 ലക്ഷം രൂപയും കൊട്ടിയം മത്സ്യച്ചന്തയ്ക്കും വ്യാപാര സമുച്ചയത്തിനുംരണ്ട് കോടി 26 ലക്ഷം രൂപയും പാരിപ്പള്ളി മത്സ്യച്ചന്തയ്ക്കും വാണിജ്യ സമുച്ചയങ്ങൾക്കുമായി മൂന്നു കോടി രണ്ട് ലക്ഷം രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

എല്ലാ മത്സ്യച്ചന്തകളിലും ആധുനികമായ സംവിധാനങ്ങളൊരുക്കുന്നതിന് നിർദ്ദേശങ്ങളുണ്ട്. മത്സ്യവിപണനത്തിനായുള്ള പ്രത്യേക ഇടങ്ങൾ, ശീതീകരണ സംവിധാനങ്ങൾ, ശൗചാലയ സമുച്ചയം, ചെറുകിട കച്ചവടക്കാർക്കുള്ള സൗകര്യങ്ങൾ, വലിയ കടമുറികൾ, ഹാളുകൾ, ഓഫീസ് സൗകര്യങ്ങൾ, വിശ്രമമുറികൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയ വിപുലമായ സൗകര്യങ്ങളാണ് ഓരോ മത്സ്യച്ചന്തകളിലും സജ്ജമാക്കുന്നത്. കഴിഞ്ഞ സർക്കാരിൻറെ കാലത്ത് ബജറ്റ് പ്രസംഗത്തിലുൾപ്പെടുത്തി കിഫ്ബി വഴി അന്നത്തെ ധനകാര്യ മന്ത്രി ചാത്തന്നൂരിലെ നാല് മാർക്കറ്റുകളിൽ ആധുനിക സംവിധാനങ്ങളൊരുക്കി നവീകരിക്കുന്നതിന് തുക അനുവദിക്കുകയായിരുന്നു. പരവൂർ, കൊട്ടിയം, പാരിപ്പള്ളി മാർക്കറ്റുകളുടെ നിർമാണോദ്ഘാടനം ഉടൻ നടത്തുമെന്ന് എംഎൽഎ പറഞ്ഞു.

# ദുരൂഹത മാറാതെ ദീപു സോമൻെറ കൊലപാതകം

കാട്ടാക്കട: ദുരൂഹ സാഹചര!്യത്തിർ കൊല്ലപ്പെട്ട ക്രെഷർ ഉടമ ദീപു സോമൻറെ സംസ്ക്കാരം മലയൻകീഴിലെ വീട്ടുവളപ്പിൽ ഇന്നലെ രാവിലെ നടന്നു. മകൻ മാനസ് ദീപു അന്ത്യകർമങ്ങൾ നിർവഹിച്ചു. നാടാകെ ഒന്നിച്ചെത്തി ദീപുവിന് അന്തിമോപചാരം അർപ്പിച്ചു. കൊലപാതകത്തിൻറെ കാരണത്തിന് പിന്നിൽ ദുരൂഹതയേറുന്നതായി പരക്കെ സംശയം ഉയർന്നിട്ടുണ്ട്. ക്വാറി ഉടമയായ ദീപുവിനെ കാറിനുള്ളിൽ കഴുത്തറുത്തു കൊല്ലപ്പെട്ട നിലയിൽ കളിയിക്കാവിളയിൽ കണ്ടെത്തിയ സംഭവത്തിൽ അറസ്റ്റിലായ ഗുണ്ടാ നേതാവ് അമ്പിളി (ചൂഴാറ്റുകോട്ട അമ്പിളി) ദീപുവിൻറെ പരിചയക്കാരനായിരുന്നുവെന്ന് പോലീസ്. കൊലക്കേസുകളിൽ ഉൾപ്പെടെ പ്രതിയായ ഇയാൾ ജയിൽ മോചിതനായ ശേഷം പശു വളർത്തൽ പോലുള്ള കാര്യങ്ങളാണു ചെയ്തിരുന്നത്. മലയത്തുനിന്നാണ് അമ്പിളിയെ തമിഴ്നാട് പോലീസ് കസ്റ്റഡിയിൽ എടുത്തത്.

താൻ ഒറ്റയ്ക്കാണ് കൊലപാതകം നടത്തിയതെന്നാണ് അമ്പിളി പോലീസിനോട് പറഞ്ഞത്. എന്നാൽ അമ്പിളിയുടെ മൊഴി വിശ്വാസത്തിലെടുത്തിട്ടില്ലെന്ന് പോലീസ് പറഞ്ഞു. കൊലപാതകത്തിൻറെ കാരണമോ, കാറിലുണ്ടായിരുന്ന പണം എവിടെയെന്നോ അമ്പിളി വെളിപ്പെടുത്തിയിട്ടില്ല.

അമ്പിളി ദീപുവിൻറെ സുഹൃത്താണെന്ന് ക്രഷർ സൂപ്പർവൈസർ മാധ്യമങ്ങളോട് പറഞ്ഞു. കരൾ സംബന്ധമായ രോഗമുള്ള അമ്പിളി സ്ഥിരമായി ദീപുവിൻറെ അടുത്തെത്തി പണം വാങ്ങിയിരുന്നു. കഴിഞ്ഞ ഞായറാഴ്ചയും ക്വാറിയിലെത്തി പണം ആവശ്യപ്പെട്ടു. തലസ്ഥാനത്തെ പഴയ ഗുണ്ടാനേതാവായിരുന്ന അമ്പിളി ഇരട്ടക്കൊലക്കേസിൽ ഉൾപ്പെടെ പ്രതിയായിരുന്നു. ഇപ്പോൾ ക്വാറി, മണൽ മാഫിയയുമായി ബന്ധപ്പെട്ടാണു പ്രവർത്തിക്കുന്നത്. മുക്കുന്നിമലയിൽ ദീപുവിന് ക്വാറിയുണ്ടായിരുന്നു.

ഇതിനു സമീപത്താണ് അമ്പിളി താമസിച്ചിരുന്നത്. ദീപു എന്തിനാണ് പൊള്ളാച്ചിയിലേക്കുള്ള യാത്രയിൽ അമ്പിളിയെ ഒപ്പം കൂട്ടിയത് എന്ന സംശയമാണ് പോലീസിനുള്ളത്. തമിഴ്നാട് പോലീസ് അമ്പിളിയെ ചോദ്യം ചെയ്തുവരികയാണ്. ദീപുവിൻറെ ജീവനക്കാരൻറെ മൊഴിയുടെ അടിസ്ഥാനത്തിലാണ് അമ്പിളിയെ കേന്ദ്രീകരിച്ച് അന്വേഷണം നീങ്ങിയത്. സിസിടിവി ദൃശ്യങ്ങളിൽ കാറിൽനിന്ന് ഇറങ്ങി പോകുന്ന ആൾ മുടന്തിയാണ് നടന്നിരുന്നത്. ഇതും സംശയത്തിന് ഇടയാക്കി. ദീപുവിൻറെ കൊലയ്ക്കു പിന്നിൽ മറ്റേതെങ്കിലും ആളുകൾ ഉൾപ്പെട്ടിട്ടുണ്ടോ എന്നും അന്വേഷിക്കുന്നുണ്ട്.

തിങ്കളാഴ്ച രാത്രിയാണ് മലയിൻകീഴിലെ വീട്ടിൽനിന്ന് ദീപു സ്വന്തം കാറിൽ പണവുമായി പോയത്. മാർത്താണ്ഡത്തു നിന്ന് ഒരു സുഹൃത്ത് കാറിൽ കയറുമെന്ന് ദീപു വീട്ടുകാരോടു പറഞ്ഞിരുന്നു.എന്നാൽ ഇതിനു മുൻപ് ദീപു കൊല്ലപ്പെട്ടു. കളിയിക്കാവിള പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്ന് ഏകദേശം 200 മീറ്റർ മാറിയാണ് കാറിനുള്ളിൽ ദീപുവിനെ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയത്.

# കൃഷിക്ക് മുൻഗണന നൽകേണ്ടത് മാനവീയ സംസ്കാരം: മന്ത്രി ബിന്ദു

ഇരിങ്ങാലക്കുട: നാടിൻറെ സമ്പദ്ഘടനയുടെ വളർച്ചക്കായി കൃഷിക്ക് മുൻഗണന നൽകേണ്ടത് മാനവീയമായ സംസ്കാരമാണെന്ന് മന്ത്രി ആർ. ബിന്ദു അഭിപ്രായപ്പെട്ടു. നഗരസഭയുടെ ഞാറ്റുവേല മഹോത്സവം ഉദ്ഘാടനംചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. നഗരസഭാധ്യക്ഷ സുജ സഞ്ജീവ്കുമാർ അധ്യക്ഷതവഹിച്ചു. ബാങ്ക് ഓഫ് ബറോഡ സോണൽ ഹെഡ് ശ്രീജിത്ത് കൊട്ടാരത്തിൽ മുഖ്യപ്രഭാഷണം നടത്തി.

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ ഫെനി എബിൻ വെള്ളാനിക്കാരൻ, ജെയ്സൺ പാറേക്കാടൻ, അംബിക പള്ളിപ്പുറത്ത്, സി. സി. ഷിബിൻ, അഡ്വ. ജിഷ ജോബി, കൗൺസിലർമാരായ അഡ്വ. കെ. ആർ. വിജയ, സോണിയ ഗിരി, അൽഫോൻസ തോമസ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് സംഗമസാഹിതിയുടെ കവിയരങ്ങ്, കാർഷിക സെമിനാർ എന്നിവ നടന്നു. വൈകീട്ട് മൂകാംബിക കലാക്ഷേത്രത്തിൻറെ നൃത്തനൃത്യങ്ങളും പ്രസീദ ചാലക്കുടിയുടെ നാടൻപാട്ടുകളും അരങ്ങേറി.

# വിദ്യാർഥികൾ തങ്ങളുടെ അഭിരുചിക്ക് അനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കണം: ഋഷിരാജ് സിംഗ്

മണ്ണാർക്കാട്: ഉന്നത വിദ്യാഭ്യാസം നേടുന്ന വിദ്യാർഥികൾ തങ്ങളുടെ അഭിരുചിക്ക് അനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുത്തു മുന്നേറണം എന്ന് റിട്ട. ഡിജിപി ഋഷിരാജ് സിംഗ് പറഞ്ഞു.

മണ്ണാർക്കാട് റൂറൽ സർവീസ് സഹകരണ ബാങ്കിൻറെ നേതൃത്വത്തിൽ നടന്ന വിവിധ പരീക്ഷകളിൽ ഉന്നതവിജയികളായവരെ ആദരിക്കൽ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദ്യാർഥികൾക്കു സ്വന്തം അഭിരുചി തിരിച്ചറിഞ്ഞ് മുന്നേറാനുള്ള സാഹചര്യം രക്ഷിതാക്കളും അധ്യാപകരും ഒരുക്കണം. മാർക്ക് കുറഞ്ഞതിനു കുട്ടികളിൽ മാനസിക സമ്മർദവും ചെലുത്തരുത്. ലോകം വിജയികളുടെ മാത്രമല്ല, പരാജയപ്പെട്ടവരുടേതുമാണ്. തെരഞ്ഞെടുക്കാൻ അനവധി കോഴ്സുകളാണ് കുട്ടികൾക്ക് മുന്പിലുള്ളത്. മൊബൈൽഫോൺ ഉപയോഗം നിയന്ത്രിക്കണമെന്നും ലഹരിയുടെ ചുറ്റുവലയങ്ങളിൽ പെടാതെ നോക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ബാങ്ക് പ്രസിഡൻറ് പി. എൻ. മോഹനൻ അധ്യക്ഷനായി. സെക്രട്ടറി എസ്. അജയകുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എം. പുരുഷോത്തമൻ, സിപിഎം ഏരിയ സെക്രട്ടറി യു. ടി. രാമകൃഷ്ണൻ, എം. ഉണ്ണീൻ, റഷീദ് ബാബു, ബാങ്ക് ഭരണസമിതി അംഗങ്ങൾ ! പ്രസംഗിച്ചു.

# തായാട്ട് ശങ്കരൻ കാലത്തിൻറെ വെല്ലുവിളികളെ മുൻകൂട്ടിക്കണ്ട ചിന്തകൻ: സച്ചിദാനന്ദൻ

തൃശൂർ: കാലത്തിൻറെ വെല്ലുവിളികളെ മുൻകൂട്ടിക്കണ്ട ചിന്തകനായിരുന്നു തായാട്ട് ശങ്കരനെന്നു കേരള സാഹിത്യ അക്കാദമി പ്രസിഡൻറ് സച്ചിദാനന്ദൻ. സാഹിത്യ നിരൂപകനും ചിന്തകനും വാഗ്മിയുമായിരുന്ന തായാട്ട് ശങ്കരൻറെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി തായാട്ട് ശങ്കരനും സമകാലിക ഇന്ത്യയും എന്ന വിഷയത്തിൽ കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച ശതാബ്ദി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അക്കാദമി സെക്രട്ടറി സി. പി. അബൂബക്കർ അധ്യക്ഷത വഹിച്ചു. ഡോ. കെ. എം. അനിൽ തായാട്ട് ശങ്കരനും സമകാലിക ഇന്ത്യയും എന്ന വിഷയത്തിൽ ശതാബ്ദിസ്മാരക പ്രഭാഷണം നടത്തി. പ്രഫ. പി. എൻ. പ്രകാശ്, സിസ്റ്റർ ജെസ്മി എന്നിവർ പ്രസംഗിച്ചു. അശോകൻ ചരുവിൽ, ഹമീദ് ചേന്ദമംഗലൂർ, ആർ. പാർവതീ ദേവി എന്നിവർ സെമിനാർ അവതരിപ്പിച്ചു. അക്കാദമി ജനറൽ കൗൺസിൽ അംഗം മോബിൻ മോഹൻ സ്വാഗതവും കെ. എസ്. സുനിൽ കുമാർ നന്ദിയും പറഞ്ഞു.

# നെല്ലിക്കുളങ്ങര ക്ഷേത്രക്കുളം നവീകരിക്കാൻ ജില്ലാ പഞ്ചായത്ത് 10 ലക്ഷം വകയിരുത്തി

നെന്മാറ: നെന്മാറ നെല്ലിക്കുളങ്ങര ഭഗവതി ക്ഷേത്രക്കുളം നവീകരിക്കാൻ നടപടിയായി. ജില്ലാപഞ്ചായത്ത് 10 ലക്ഷം രൂപ വകയിരുത്തി.ഇടിഞ്ഞുവീണ കൽപ്പടവുകളും സംരക്ഷണ ഭിത്തിയും പുനർനിർമിക്കും. മൂന്ന് വർഷം മുമ്പാണ് പടവുകൾ കുളത്തിനുള്ളിലേക്ക് ഇടിഞ്ഞത്.സംരക്ഷണഭിത്തി ഇടിഞ്ഞതോടെ നെന്മാറ വേലയോടനുബന്ധിച്ച് ഉത്സവത്തിന് എത്തിയ ആളുകൾ കുളത്തിൽ വീഴുന്നത് പതിവായിരുന്നു.ഇതു തടയുന്നതിനായി തുടർച്ചയായ രണ്ടുവർഷമായി ഇരുമ്പ് പൈപ്പുകളും മുളകളും ഉപയോഗിച്ച് സംരക്ഷണവേലി ഉത്സവ സമയത്ത് കെട്ടുകയാണ് താത്കാലിക സംരക്ഷണം നടത്തിയിരുന്നത്.

ഇടിഞ്ഞുവീണ കൽപ്പടവും സംരക്ഷണഭിത്തിയും കുളത്തിനുള്ളിലേക്ക് വീണ ഭാഗത്ത് പാഴ്ചെടികളും വള്ളിപടർപ്പും മൂടി സംരക്ഷണഭിത്തി തകർന്നുവീണത് തിരിച്ചറിയാത്ത രീതിയിൽ അപകട മേഖലയായി മാറിയിരിക്കുകയാണ്. ക്ഷേത്രത്തിലേക്ക് എത്തുന്ന നിരവധി വാഹനങ്ങൾ പാർക്ക് ചെയ്യുന്ന ക്ഷേത്രക്കുളത്തിൻറെ പടിഞ്ഞാറു ഭാഗമാണ് ഇടിഞ്ഞു വീണിരുന്നത്.പ്രദേശവാസികളുടെ വർഷങ്ങളായ ആവശ്യമാണ് ജില്ലാ പഞ്ചായത്ത് നടപടിയിലൂടെ പരിഹാരമാകുന്നത്.അടങ്കൽ നടപടികൾ കഴിഞ്ഞാലുടൻ പണി ആരംഭിക്കുമെന്ന് ജില്ലാപഞ്ചായത്ത് അംഗം ആർ. ചന്ദ്രൻ പറഞ്ഞു.

# അതിഥി അദ്ധ്യാപക നിയമനം

മഞ്ചേശ്വരം : ജി.പി.എം ഗവ. കോളേജിൽ 202425 അധ്യയന വർഷം സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ പ്രതീക്ഷിക്കുന്ന ഒഴിവുകളിലേക്ക് അതിഥി അദ്ധ്യാപകരെ താൽകാലികമായി നിയമിക്കുന്നതിന് ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു.

കോഴിക്കോട് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പ്രസിദ്ധീകരിച്ചിട്ടുള്ള പാനലിൽ ഉൾപ്പെട്ടിരിക്കുന്ന ഉദ്യോഗാർഥികൾ, ബയോഡാറ്റ, ജനന തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ഡിഗ്രി മാർക്ക് ലിസ്റ്റ്, പി ജി മാർക്ക് ലിസ്റ്റ് , ബന്ധപ്പെട്ട വിഷയങ്ങളിലെ നെറ്റ് സർട്ടിഫിക്കറ്റ് മറ്റ് അധിക വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം ജൂലൈ നാലിനു മുൻപായി നേരിട്ടോ, തപാൽ മുഖേനയോ പ്രിൻസിപ്പലിന് അപേക്ഷ സമർപ്പിക്കണം. വൈകി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കില്ല. തിരഞ്ഞെടുത്ത ഉദ്യോഗാർഥികളെ പ്രിൻസിപ്പൽ മുമ്പാകെ അഭിമുഖത്തിന് ഹാജരാകുന്നതിനുള്ള തീയതിയും സമയക്രമവും പിന്നീട് അറിയിക്കും. അറിയിപ്പ് ലഭിക്കുന്ന ഉദ്യോഗാർഥികൾ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും സഹിതം അഭിമുഖത്തിന് ഹാജരാകണം. അപേക്ഷാഫോം www.gpmgcm.ac.in ൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 9188900214.

# സെൻ്റർ ഫോർ വൺ ഹെൽത്ത് കേരളയിൽ വിവിധ തസ്തികകളിൽ ഒഴിവ്

ഏകാരോഗ്യം പരിപാടി നടപ്പിലാക്കുന്നതിനായി ആരോഗ്യ വകുപ്പിന് കീഴിൽ സ്ഥാപിച്ച സെൻ്റർ ഫോർ വൺ ഹെൽത്ത് കേരള (COHK) യിൽ സ്റ്റേറ്റ് പ്രോഗ്രാം ലീഡ്, റിസർച്ച് ആൻ്റ് ഡോക്യുമെന്റേഷൻ സ്പെഷ്യലിസ്റ്റ്, സർവെയ്ലൻസ് സ്പെഷ്യലിസ്റ്റ്, ഫിനാൻസ് കം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ക്ലർക്ക് കം അക്കൗണ്ടൻ്റ്, ഓഫീസ് അറ്റൻഡൻ്റ് കം ക്ലീനിങ്ങ് സ്റ്റാഫ് തസ്തികകളിലേക്ക് കരാർ നിയമനത്തിന് സ്റ്റേറ്റ് ഹെൽത്ത് റിസോഴ്സ് സെൻ്റർ കേരള (എസ്.എച്ച്.എസ്.ആർ.സികെ) അപേക്ഷ ക്ഷണിച്ചു. ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. വിശദവിവരങ്ങൾ www.sshrc.kerala.gov.in ൽ. അവസാന തീയതി ജൂലൈ 10ന് വൈകിട്ട് അഞ്ച് മണി.

# തിണ്ടില്ലം വെള്ളച്ചാട്ടത്തിനുതാഴെ തോടു കൈയേറ്റം; താലൂക്ക് സർവേ ടീം സ്ഥലം പരിശോധിച്ചു

വടക്കഞ്ചേരി: കിഴക്കഞ്ചേരി പഞ്ചായത്തിൽ കൊന്നയ്ക്കൽകടവിൽ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന പാലക്കുഴി തിണ്ടില്ലം മിനി ജലവൈദ്യുത പദ്ധതി പ്രദേശത്തിനു താഴെയുള്ള കല്ലൻതോട് സ്വകാര്യ വ്യക്തിയുടെ സ്ഥലത്തോടു ചേർത്ത് 500 മീറ്ററോളം നീളത്തിൽ കമ്പിവേലി കെട്ടി തോട് കൈയേറിയിട്ടുണ്ടെന്ന നാട്ടുകാരുടെ പരാതിയിൽ ആലത്തൂർ താലൂക്ക് സർവേ ടീം സ്ഥലം പരിശോധിച്ചു.

താലൂക്ക് സർവേ ടീമിനൊപ്പം കിഴക്കഞ്ചേരി ഒന്ന്, രണ്ട് എന്നീ വില്ലേജുകളിലെ ഉദ്യോഗസ്ഥർ, പഞ്ചായത്ത് വൈസ് പ്രസിഡൻറും വാർഡ് മെംബറുമായ വി. രാധാകൃഷ്ണൻ, മുൻ വൈസ് പ്രസിഡൻറ് സണ്ണി മറ്റു ജീവനക്കാരും നാട്ടുകാരും പരിശോധനകൾക്കൊപ്പമുണ്ടായിരുന്നു. കൈയേറ്റത്തിനെതിരെ നാട്ടുകാർ വിവിധ വകുപ്പുകളിലെ ഉന്നത അധികാരികൾക്ക് നൽകിയ പരാതികളിലാണ് നാല് മാസം വൈകി സർവേ ടീം സ്ഥലം പരിശോധിക്കാനെത്തിയത്.

# പുനരധിവാസപ്രവർത്തനങ്ങൾ പ്രഖ്യാപിച്ച് ജലവിഭവ വകുപ്പ്

കോയമ്പത്തൂർ: ജില്ലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സുപ്രധാന നീക്കത്തിൽ ജലവിഭവ വകുപ്പ് വൻ പുനരധിവാസ പ്രവർത്തനങ്ങൾ പ്രഖ്യാപിച്ചു. ആനമല ബ്ലോക്കിലെ പഴയ അഴിയാർ സംവിധാനത്തിൻറെ പാളയം ചാനൽ മൂന്നു കോടി രൂപയുടെ പദ്ധതിച്ചെലവിൽ പുനർനിർമാണം നടത്താനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, അഴിയാർ അണക്കെട്ടിലെ പൊള്ളാച്ചി ചാനൽ സംവിധാനവും ഏകദേശം 4.15 കോടി രൂപ ചെലവിൽ പുനഃസ്ഥാപിക്കും.

കൂടാതെ, സമതുവപുരം മേഖലയിലെ സർക്കാർപതി ജലവൈദ്യുത നിലയത്തിൻറെ ഫീഡ് കനാലും റിസർവോയറും വരെ 4.73 കോടി രൂപയുടെ പുനരുദ്ധാരണ ബജറ്റിൽ പ്രവൃത്തി വ്യാപിപ്പിക്കും.

ജലമാനേജ്മെൻറ് വർദ്ധിപ്പിക്കുക മാത്രമല്ല, പ്രദേശത്തെ ജലസേചന സൗകര്യങ്ങൾ ഗണ്യമായി മെച്ചപ്പെടുത്തുന്നതിനും പ്രാദേശിക സമൂഹങ്ങൾക്ക് മെച്ചപ്പെട്ട കാർഷിക ഉൽപ്പാദനക്ഷമതയും ജലലഭ്യതയും ഉറപ്പാക്കുക എന്നുമാണ് പ്രതീക്ഷ.

# സ്വകാര്യ വ്യക്തി പാട്ടത്തിനെടുത്ത വണ്ടൂർ ഗ്രാമപഞ്ചായത്ത് വക സ്ഥലം തിരിച്ചുപിടിക്കാനുള്ള ശ്രമം തുടങ്ങി

വണ്ടൂർ: സ്വകാര്യ വ്യക്തി പാട്ടത്തിനെടുത്ത് സിനിമ തിയേറ്റർ നിർമിച്ച വണ്ടൂർ ഗ്രാമപഞ്ചാത്ത് വക സ്ഥലം പഞ്ചായത്ത് ഭരണസമിതി തിരിച്ചുപിടിക്കാനുള്ള ശ്രമം തുടങ്ങി. 1970ലാണ് 99 വർഷക്കാലത്തേക്ക് സ്വകാര്യ വ്യക്തിക്ക് 50 സെൻറ് സ്ഥലം പാട്ടത്തിന് നൽകിയത്. എന്നാൽ പാട്ട കാരാറുമായി ബന്ധപ്പെട്ട രേഖകൾ പഞ്ചായത്തിൻറെ കൈവശം ഇല്ലെന്നാണ് ലഭിക്കുന്ന വിവരം.

വണ്ടൂർ മഞ്ചേരി റോഡിൽ വിഎംസി ഹൈസ്കൂൾ മൈതാനത്തിന് സമീപത്തായി പഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള സ്ഥലമാണ് വർഷങ്ങൾക്കു മുമ്പ് പാട്ടത്തിന് നൽകിയത്. തുടർന്ന് ഈ സ്ഥലത്ത് സ്വകാര്യവ്യക്തി സ്വന്തം നിലയിൽ കെട്ടിടം നിർമിക്കുകയായിരുന്നു. കെട്ടിട നികുതി അടക്കം സ്വകാര്യ വ്യക്തിയാണ് അടച്ചിരുന്നത്.

സിനിമ കാണാൻ എത്തുന്നവരുടെ എണ്ണം കുറഞ്ഞതോടെ തിയേറ്ററിൻറെ പ്രവർത്തനവും നിലച്ചു. ഇതോടെ പഞ്ചായത്തിൻറെ സ്ഥലം കാടുകയറി നശിച്ചു. ഇതിനെതിരേ പ്രതിഷേധങ്ങളും ശക്തമായി. പുതുതായി ചുമതലയേറ്റ പഞ്ചായത്ത് പ്രസിഡൻറ് വി. എം. സീന, വൈസ് പ്രസിഡൻറ് പട്ടിക്കാടൻ സിദ്ദീഖ് എന്നിവരുടെ നേതൃത്വത്തിൽ പഞ്ചായത്തിൻറെ സ്ഥലം തിരിച്ചു പിടിക്കാനായി ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. സ്ഥലം തിരിച്ചുപിടിച്ച് ഷോപ്പിംഗ് കോംപ്ലക്സ് നിർമിക്കാനാണ് തീരുമാനം.

# സഹകരണ മികവിനുള്ള പുരസ്കാരങ്ങൾ നൽകി

സഹകരണ മന്ത്രാലയത്തിന് കീഴിലുള്ള ദേശീയ സഹകരണ വികസന കോർപ്പറേഷൻ തിരുവനന്തപുരം റീജിയണൽ ഓഫീസ് സഹകരണ മികവിനും മെറിറ്റിനുമുള്ള എൻ.സി.ഡി.സി റീജിയണൽ അവാർഡുകൾ വിതരണം ചെയ്തു. സഹകരണ മന്ത്രി വി എൻ വാസവൻ മികച്ച പ്രകടനം കാഴ്ചവെച്ച ഒൻപത് സഹകരണ സംഘങ്ങൾക്കുള്ള അവാർഡുകൾ വിതരണം ചെയ്തു.

മികച്ച പ്രാഥമിക ക്രെഡിറ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്കുള്ള എക്സലൻസ് സർട്ടിഫിക്കറ്റ് എറണാകുളം ഒക്കൽ സർവീസ് കോ ഓപ്പറേറ്റീവ് ബാങ്കിനും മെറിറ്റ് സർട്ടിഫിക്കറ്റ് എറണാകുളം വരാപ്പെട്ടി സർവീസ് കോ ഓപ്പറേറ്റീവ് ബാങ്കിനും ലഭിച്ചു. മികച്ച പ്രാഥമിക വനിത കോ ഓപ്പറേറ്റീവ് സൊസൈറ്റിക്കുള്ള എക്സലൻസ് സർട്ടിഫിക്കറ്റ് കോഴിക്കോട് അഴിയൂർ വനിത സൊസൈറ്റിക്കും മെറിറ്റ് പുരസ്കാരം കോഴിക്കോട് ചക്കിട്ടപ്പാറ വനിത കോ ഓപ്പറേറ്റീവ് സൊസൈറ്റിക്കും നൽകി. സേവന മേഖലയിലെ മികച്ച സൊസൈറ്റിക്കുള്ള എക്സലൻസ് പുരസ്കാരം കൊല്ലം ജില്ലാ കോ ഓപ്പറേറ്റീവ് ആശുപത്രി സൊസൈറ്റിക്കും മെറിറ്റ് സർട്ടിഫിക്കറ്റ് കണ്ണൂർ, കാസർകോട് ജില്ലാ കോ ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും നൽകി. ദുർബല വിഭാഗത്തിലെ മികച്ച പ്രാഥമിക കോ ഓപ്പറേറ്റീവ് സൊസൈറ്റിക്കുള്ള എക്സലൻസ് സർട്ടിഫിക്കറ്റ് പത്തനംതിട്ട വെച്ചൂച്ചിറ മിൽക്ക് പ്രൊഡ്യൂസേഴ്സ് സൊസൈറ്റിക്കും മെറിറ്റ് സർട്ടിഫിക്കറ്റ് ആലപ്പി സ്മാൾ സ്കെയിൽ കയർ മാറ്റിങ് പ്രൊഡ്യൂസേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്കും ലഭിച്ചു.എക്സലൻസ്, മെറിറ്റ് സമ്മാനങ്ങൾ ലഭിച്ച സൊസൈറ്റികൾക്കു സർട്ടിഫിക്കറ്റും യഥാക്രമം 25000 രൂപ, 20000 രൂപ ക്യാഷ് പ്രൈസും ലഭിച്ചു. കേരള സഹകരണ രജിസ്ട്രാർ ടി.വി. സുഭാഷ്, ഹോസ്പിറ്റൽഫെഡ് ചെയർപേഴ്സൺ കെ.കെ. ലതിക, വനിതാഫെഡ് പ്രസിഡന്റ് ശ്രീജ കെ, വിവിധ സഹകരണ ഫെഡറേഷനുകളുടെ ഭാരവാഹികൾ, വകുപ്പ് ഉദ്യോഗസ്ഥർ, കോ ഓപ്പറേറ്റീവ് സൊസൈറ്റികൾ, എൻസിഡിസി ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# അഗളിയിൽ വ്യാപാരസ്ഥാപനങ്ങളിൽ ആരോഗ്യവകുപ്പിൻറെ പരിശോധന

അഗളി: ഗ്രാമപഞ്ചായത്ത് സാമൂഹിക ആരോഗ്യ കേന്ദ്രത്തിൻറെ നേതൃത്വത്തിൽ കള്ളമല, ഓടപ്പെട്ടി, കണ്ടിയൂർ എന്നീ സ്ഥലങ്ങളിലെ ഹോട്ടലുകൾ, ബേക്കറികൾ, ഇറച്ചിക്കടകൾ, പലചരക്കുകടകൾ തുടങ്ങിയ വ്യാപാര സ്ഥാപനങ്ങളിൽ ആരോഗ്യവകുപ്പിൻറെ നേതൃത്വത്തിൽ പരിശോധന നടത്തി. ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ചുവന്നിരുന്ന ഓടപ്പെട്ടിയിലെ അന്പാടി ടീ സ്റ്റാൾ എന്ന സ്ഥാപനം അടച്ചുപൂട്ടി.

കണ്ടിയൂരിലെ ഹരിത സ്റ്റോറിൽ നിന്നും പഴകിയ ഭക്ഷണസാധനങ്ങൾ പിടിച്ചെടുത്ത് നശിപ്പിച്ചു. നാല് കടകൾക്ക് പൊതുജനാരോഗ്യ നിയമപ്രകാരമുള്ള മുന്നറിയിപ്പ് നോട്ടീസ് നൽകി. നിയമാനുസൃത പുകയില മുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കാത്ത സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കി. പരിശോധന വരുംദിവസങ്ങളിലും തുടരുമെന്നും ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാത്ത എല്ലാ സ്ഥാപനങ്ങൾക്കെതിരെയും കർശന നടപടി സ്വീകരിക്കുമെന്നും ഹെൽത്ത് ഇൻസ്പെക്ടർ അറിയിച്ചു.

പരിശോധനയ്ക്ക് ഹെൽത്ത് ഇൻസ്പെക്ടർ പി. മുരളി കൃഷ്ണൻ, ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ വി. പി. കൃഷ്ണകുമാർ, എം. ലവൻ, എം. ജ്യോതിലക്ഷ്മി എന്നിവർ നേതൃത്വം നൽകി.

# റിവിഷൻ ഹർജി കൃത്യമായ ഫോർമാറ്റിൽ സമർപ്പിക്കണം

സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മാനേജർമാരും ജീവനക്കാരും സർക്കാരിലേക്ക് സമർപ്പിക്കുന്ന റിവിഷൻ ഹർജികൾ കൃത്യമായ ഫോർമാറ്റിലായിരിക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളും ഫോർമാറ്റും http://education.kerala.gov.in ൽ ലഭിക്കും.

# കുടിശിക ഒടുക്കാൻ അവസരം

കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ കുടിശിക വരുത്തിയ തൊഴിലാളികൾക്ക് മൂന്ന് വർഷ കാലയളവു വരെയുള്ള (കോവിഡ് കാലയളവ് ഒഴികെ) കുടിശിക ഒടുക്കുന്നതിന് സെപ്റ്റംബർ 30 വരെ സമയം അനുവദിക്കും.

ഈ അവസരം തൊഴിലാളികൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ചെയർമാൻ കെ.കെ. ദിവാകരൻ അറിയിച്ചു.

# 1500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിച്ചു

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിച്ചു. ഇതിനായുള്ള ലേലം ജൂലൈ രണ്ടിന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇകുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ് 1/321/2024ഫിൻ. തിയതി 27.06.2024) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www.finance.kerala.gov.in) സന്ദർശിക്കുക.